# KOLO SURYOYO

**വി. മർത്തമറിയം യൂത്ത് അസ്സോസിയേഷൻ മണർകാട്**

പുസ്തകം – 4 ലക്കം – 2 മാർച്ച് – 2011

Web: www.stmarysyouthmanarcad.org
www.syrianchurch.org/Kolosuryoyo.htm (internet edition)


# ഇടയശ്രേഷ്ഠനു കണ്ണീരോടെ വിട



യാക്കോബായ സുറിയാനി സഭയുടെ പൗരസ്ത്യ സുവിശേഷസമാജത്തിന്റെയും ഹോണോവർ മിഷന്റെയും സീനിയർ മെത്രാപ്പോലീത്ത അഭി. ഗീവർഗീസ് മോർ പോളിക്കാർപ്പോസ് (78) തിരുമനസ്സുകൊണ്ട് കാലം ചെയ്തു.

കഴിഞ്ഞ 50 വർഷമായി പ്രവർത്തന നിരതനായിരുന്നു ഇടയശ്രേഷ്ഠൻ. കന്നടഭാഷയിൽ പ്രാവീണ്യം നേടിയ തിരുമേനി ഒരു കാലത്ത് രാഷ്ട്രീയ രംഗത്തും നിറഞ്ഞുനിന്നു. മെത്രാപ്പോലീത്താ ആകുന്നതിനുമുമ്പു തന്നെ ബിഷപ്പ് ജോർജ് എന്നാണ് ഇദ്ദേഹത്തെ വിളിച്ചത്.

1933 ഏപ്രിൽ 5-ന് മാവേലിക്കര ചെന്നിത്തലയിൽ നടയിൽ കുടുംബത്തിൽ (പള്ളി വടക്കേതിൽ മുളനിൽക്കുന്നതിൽ) മാത്യു ഫിലിപ്പോസ്-ഏലിയാമ്മ ദമ്പതികളുടെ അഞ്ചാമത്തെ പുത്രനായി ജനിച്ചു. ചെന്നിത്തല സെന്റ് ജോർജ് ഹെറോബ് പള്ളി ഇടവകാംഗമാണ്. 1956-ൽ പുണ്യശ്ലോകനായ ഏലിയാസ് മോർ യൂലിയോസ് ബാവായിൽനിന്ന് കോറുയോപട്ടവും, 1957-ൽ കശ്ശീശസ്ഥാനവും സ്വീകരിച്ചു. 1978-ൽ ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ കോർഎപ്പിസ്കോപ്പ സ്ഥാനത്തേക്കുയർത്തി. 1990 മെയ് 27-ന് പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ പൗരസ്ത്യ സുവിശേഷസമാജത്തിന്റെയും ഹോണോവർ മിഷന്റെയും ചുമതലയുള്ള മെത്രാപ്പോലീത്തയായി വാഴിച്ചു. കേരളത്തിലും കർണ്ണാടകയിലും അനവധി പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിച്ചു.

1955-ൽ പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ അംഗമായിത്തീർന്നു. 1957-ൽ കാസർകോട് ഡിസ്ട്രിക്റ്റിലുള്ള കോഴിമല, കോട്ടമല എന്നീ ഇടവകയുടെ സഹവികാരിയായി ചുമതലയേറ്റു. 1959-ൽ ദക്ഷിണ കർണ്ണാടകത്തിലെത്തി. കർണ്ണാടകത്തിൽ അശരണരും ആലംബഹീനരുമായിരുന്നു തിരുമേനിയുടെ കൂട്ടുകാർ. അവർക്കായി സ്കൂളുകളും, കോളേജുകളും, അനാഥാലയങ്ങളും വൃദ്ധ മന്ദിരങ്ങളും ഒരുക്കി പ്രവർത്തനമേഖല വിശാലമാക്കി.

മംഗലാപുരം സെന്റ് ആന്റണീസ് മിഷന്റെ കൂടി ചുമതല വഹിച്ചിരുന്ന മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലാണ് മംഗലാപുരം സെന്റ് ആന്റണീസ് കത്തീഡ്രൽ പുനർനിർമ്മിച്ചത്. മിഷൻ വേലയ്ക്കായി നിരവധി ആൾക്കാരെ കണ്ടെത്തി ഇവാഞ്ചലിക്കൽ അസോസിയേഷന്റെ പ്രവർത്തനങ്ങൾ സജീവമാക്കാൻ മെത്രാപ്പോലീത്തായ്ക്ക് സാധിച്ചു. 1985-ൽ സമാജം അഡ്മിനിസ്ട്രേറ്ററായി തിരഞ്ഞെടുത്തക്കപ്പെട്ടു. മെത്രാപ്പോലീത്തന്മാരായ മോർ അന്തോണിയോസ്, മോർ ഐറേനിയോസ്, മോർ ക്രിസോസ്റ്റമോസ് എന്നിവരെ



കണ്ടെത്തി സഭയ്ക്കായി സമർപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ഹോണാവാർ, നോർത്ത് കാനറാ, അത്യാടി, മദ്ധ്യാടി, നരസിംഹരാജപുരം, ഷീരാടി, നമുജിസൽത്തല, നെല്ലിയാടി, കുന്ദൂർ, ഇചിലംപാടി, അദ്ധ്വള, ശിബാജ, ചിക്കമംഗലൂർ, കടമ്പാ തുടങ്ങി കർണ്ണാടകത്തിന്റെ ഉൾപ്രദേശങ്ങളിൽ എല്ലാം സാന്ത്വനത്തിന്റെ കരങ്ങളുമായി തിരുമേനി എത്തിച്ചേർന്നു.

ശ്രേഷ്ഠ ബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ മംഗലാപുരം ജപ്പു സെന്റ് ആന്റണീസ് കത്തീഡ്രലിൽ വി. മദ്ബഹായുടെ മുന്നിൽ വലത്തുവശത്ത് പ്രത്യേകം തയ്യാർ ചെയ്ത കല്ലറയിൽ കബറടക്കി. പുണ്യശ്ലോകനായ തിരുമേനിയുടെ വിൽപത്രത്തിലെ ആഗ്രഹ പ്രകാരമാണ് ഇവിടെ കബറടക്കിയത്.

## മണർകാട് പള്ളിയുടെ പേരിലും വ്യാജൻ!




മണർകാട് പള്ളിയുടെ പേരിൽ ഫേസ് ബുക്കിൽ വ്യാജ പ്രൊഫൈൽ. ഇന്റർനെറ്റിലെ സൗഹൃദ കൂട്ടായ്മയായ ഫേസ്ബുക്കിൽ മണർകാട് പള്ളിയെ ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ പേരിലാക്കി കോട്ടയം കാതോലിക്കായെ അതിന്റെ തലവനാക്കിയും പ്രൊഫൈൽ ഉണ്ടാക്കിയിരിക്കുന്നു. മണർകാട് പള്ളി ഭാരവാഹികൾ കേരള സൈബർ സെല്ലിൽ പരാതി നൽകിയിട്ടുണ്ട്.

പരാതി പോലീസിനു നൽകിയതിശേഷവും സഭയേയും ശ്രേഷ്ഠബാവായേയും അപമാനിക്കുന്ന തരത്തിലുള്ള വീഡിയോകളും ചിത്രങ്ങളും ഇപ്പോഴും പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പോലീസ് തുടർനടപടി വൈകിക്കുന്നത് തികച്ചും അപലപനീയമാണ്. ഇതിൽ വഞ്ചിക്കപ്പെട്ടിരിക്കുന്നത് നമ്മുടെ സഭയിലെ മെത്രാപ്പോലീത്തന്മാരും പട്ടക്കാരും വരെ ഉൾപ്പെടുന്നു.

സ്ഥാപിതകാലം മുതൽ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ പൗരോഹിത്യ പിൻതുടർച്ച നിലനിർത്തിപ്പോരുന്ന ദൈവാലയത്തിന് അപകീർത്തിപരമായ വാർത്തകളും ചിത്രങ്ങളുമായാണ് ചില തൽപ്പരകക്ഷികൾ വ്യാജമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്.

മണർകാട് പള്ളിക്ക് ഫേസ്ബുക്കിലോ, മറ്റു സാമൂഹ്യ സൗഹൃദകൂട്ടായ്മകളിലോ യാതൊരുവിധ കമ്മ്യൂണിറ്റികളും നിലവിലില്ലാത്തതാണ്. വിശ്വാസസമൂഹം ഇതിൽ തെറ്റിദ്ധരിച്ച് വഞ്ചിതരാകരുത്.

# വ്രതാനുഷ്ഠത്തിന്റെ നിറവിൽ

ത്യാഗസമ്പൂർണ്ണമായ വലിയനോമ്പിന്റെ കാലഘട്ടത്തിലൂടെ നാം കടന്നുപോവുകയാണ്. പരി. പാത്രിയർക്കീസ് ബാവായുടെയും, ശ്രേഷ്ഠ കാതോലിക്കാ ബാവായുടെയും കൽപനകൾ നാം എത്രത്തോളം നോമ്പിനായി ഒരുങ്ങണമെന്നും ജീവിതത്തിൽ എങ്ങനെ ഉൾക്കൊള്ളണമെന്നും നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ വലിയ നോമ്പിന്റെ കാലയളവിൽ നമ്മുടെ സഭയിൽ ഒരു വേർപാടുകൂടി കടന്നുവന്നു. കഴിഞ്ഞ നോമ്പുകാലയളവിൽ വന്ദ്യ മല്പാനായ ചെറിയാൻ കോട്ടയിലച്ചന്റെ വേർപാടാണ്, സഭയ്ക്കുണ്ടായതെങ്കിൽ ഇത്തവണ അത് അഭി. പോളിക്കാർപ്പസ് തിരുമേനിയുടേതാണ്. അശരണർക്കും ആലംബഹീനർക്കും ആശ്വാസമായിരുന്ന അഭി.തിരുമേനി ശ്രദ്ധേയമായ സുവിശേഷഘോഷണത്തിലൂടെ നമ്മുടെയേവരുടെയും ചിന്തകളേയും ഉദ്ദീപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ വേർപാടുകൾ നമ്മുടെ സഭയിലും സമൂഹത്തിലും നികത്താനാവാത്ത ഒരു വിടവ് സൃഷ്ടിക്കുമ്പോൾ അവയെ തരണം ചെയ്യുവാനുള്ള ശക്തി നമുക്കേകാൻ സർവ്വശക്തനോടപേക്ഷിക്കാം.

ഒരു പരസ്യചിത്രത്തിൽ, പ്രാർത്ഥിക്കുവാൻ എല്ലാവർക്കും ഓരോ കാരണമുണ്ട്! എന്ന് പറയുന്നതുപോലെ ഈ വലിയ നോമ്പിലും പ്രാർത്ഥിക്കുവാൻ ധാരാളം കാരണങ്ങൾ ഈ ലോകത്തിൽ സംഭവിക്കുന്നു. ആയിരക്കണക്കിന് ആളുകളുടെ ജീവൻ അപഹരിച്ച ജപ്പാനിലെ ഭൂകമ്പവും സുനാമിയും ലോകത്താകമാനമുള്ള ജനങ്ങൾക്കും പ്രത്യേകിച്ച് ഏഷ്യ-അമേരിക്കൻ ഭൂഖണ്ഡങ്ങളിലെ കോടിക്കണക്കിന് ആളുകളെ ലോകത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ പ്രേരിപ്പിച്ച ഒരു ഘടകമാണ്. ജപ്പാനിലെ ഭൂകമ്പവും സുനാമിയും തുടർന്നുണ്ടായ ആണവ വികരണ ഭീഷണിയും ഇപ്പോഴും നിലനിൽക്കുന്നത് അനേകായിരം ആളുകളുടെ ജീവന് ഭീഷണിയുയർത്തുന്നു. കൂടാതെ ചന്ദ്രൻ ഭൂമിയോട് ഏറ്റവും അടുത്ത് പ്രത്യക്ഷമായ സൂപ്പർ മൂൺ പ്രതിഭാസവും ഇക്കാലയളവിൽ ചർച്ചയ്ക്കും പ്രാർത്ഥനയ്ക്കും ഇടയാക്കിയ ഒരു സംഗതിയാണ്. സൂപ്പർ മൂൺ പ്രതിഭാസത്തോടനുബന്ധിച്ച് ശക്തമായ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകാനിടയുണ്ട് എന്ന പ്രവചനങ്ങൾക്കിടയിൽ അത് വലിയ വ്യാകുലതകൾ സൃഷ്ടിക്കാതെ കടന്നുപോയതിനാൽ നമുക്ക് ദൈവത്തിനെ മഹത്വപ്പെടുത്താം. ഇക്കാലയളവുകളിൽ ഭരണമാറ്റത്തിനുവേണ്ടി ഈജിപ്റ്റ്, യെമൻ, സിറിയ, ലബനൻ, ജറുസലേം തുടങ്ങിയ രാജ്യങ്ങളിൽ നടന്നുവരുന്ന പ്രക്ഷോഭങ്ങളും യുദ്ധങ്ങളും വി. വേദപുസ്തകപരമായി പ്രാധാന്യമുള്ള രാജ്യങ്ങളിലാണ്. അതിനാൽ നാം ലോകാവസാനത്തെപ്പറ്റിയും കർത്താവിന്റെ രണ്ടാമത്തെ വരവിനെപ്പറ്റിയും ചിന്തിക്കേണം എന്ന് ഒരു വൈദികൻ തന്റെ പ്രസംഗത്തിൽ പറഞ്ഞത് ഇപ്പോൾ ഓർക്കുന്നു. ലോക രാജ്യങ്ങളിൽ പലതും ആഭ്യന്തരകലാപങ്ങളാലും, സാമ്പത്തിക പ്രതിസന്ധി കളോടും, പ്രകൃതിക്ഷോഭങ്ങൾ മൂലവും വൻ പ്രതിസന്ധികൾ നേരിടുമ്പോൾ യുദ്ധങ്ങൾ, ക്ഷാമങ്ങൾ, ഭൂകമ്പം പല വ്യാധികളാൽ ജനം നശിച്ചിടുന്നു. രാജ്യം രാജ്യങ്ങളോടെതിർത്തു തുടങ്ങിയല്ലോ. ഒരുങ്ങിടാം എന്ന ഗാനശകലത്തിന്റെ പ്രസക്തി ഇപ്പോൾ എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കി ഈ പ്രതിസന്ധികളെ തരണം ചെയ്യുവാനുള്ള ശക്തി നമുക്ക് നോമ്പിലൂടെയും പ്രാർത്ഥനകളിലൂടെയും ലഭിക്കട്ടെ.

കർത്താവിന്റെ ശുദ്ധമുള്ള കഷ്ടാനുഭവമേ സമാധാനത്തോടെ വരിക എന്ന് നാം പ്രാർത്ഥിക്കുമ്പോഴും നോമ്പുകാലയളവിൽ അസമാധാനത്തിന്റെ പാതയിലൂടെയാണ് കടന്നുപോകുന്നത് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ക്രിസ്തുകേന്ദ്രീകൃതമായ ഒരു ജീവിതശൈലിക്ക് ഈ നോമ്പ് സഹായിക്കട്ടെ. ഈ നോമ്പിന്റെ കാലഘട്ടത്തിൽ ലോകസമാധാനത്തിനും സഭാ സമാധാനത്തിലും മനുഷ്യരുടെ നന്മയ്ക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

# ക്രൂശിന്റെ നിത്യമായ പ്രസക്തി



അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്താ

യേശുക്രിസ്തുവിന്റെ ക്രൂശീകരണത്തിനും ഉയിർപ്പിനും ശേഷം നാല് അഞ്ച് പതിറ്റാണ്ടോളം സുവിശേഷങ്ങൾ വായ്മൊഴി പാരമ്പര്യത്തിൽ നിലനിന്നു. യേശുവിന്റെ വചനങ്ങളും പ്രവർത്തനങ്ങളും വീണ്ടും വീണ്ടും പ്രഘോഷിക്കപ്പെട്ടു. എന്നാൽ വായ്മൊഴി പാരമ്പര്യത്തിലെ സുവിശേഷത്തിന്റെ കേന്ദ്രബിന്ദു യേശുവിന്റെ കുരിശും ഉത്ഥാനവുമായിരുന്നു. എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്. അവനാൽ ലോകം എനിക്കും, ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു. (ഗലാത്യ 6:14). പരിശുദ്ധ പൗലൂസ് ശ്ലീഹായുടെ ഈ വാക്കുകൾ ഒരു ഉദാഹരണം മാത്രം. ക്രിസ്തു ഉയിർത്തിയിട്ടില്ലായെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥം ഞങ്ങളുടെ പ്രസംഗം വ്യർത്ഥം (1 കൊരി. 15:14) എന്ന് പൗലൂസ് ശ്ലീഹാ പറഞ്ഞപ്പോൾ വീണ്ടും ഇതുതന്നെയാണ് വ്യക്തമാക്കിയത്.

അപ്പോസ്തോലസഭ പല പുതിയ ചോദ്യങ്ങളും താമസം വിനാ ചോദിക്കുവാൻ തുടങ്ങി. യേശുവിന്റെ ക്രൂശീകരണം എന്തിനുവേണ്ടിയായിരുന്നു? അവന്റെ കഷ്ടതകൾ ആർക്കുവേണ്ടി? ഈ ചോദ്യങ്ങൾക്കു പെട്ടെന്നു തന്നെ ഉത്തരം നൽകപ്പെട്ടു. അത് നമ്മുടെ പാപങ്ങൾക്കുവേണ്ടിയായിരുന്നു എന്ന ഉത്തരമാണ് എല്ലായിടത്തുനിന്നും ഉണ്ടായത്. നമ്മുടെ പാപങ്ങളുടെ മോചനത്തിനായി മരണത്തിന് ഏല്പിക്കപ്പെടുകയും നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിക്കപ്പെടുകയും ചെയ്ത നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കും അതു നീതിയായി പരിഗണിക്കപ്പെടും. (റോമ. 4: 25) എന്ന പൗലൂസ് ശ്ലീഹായുടെ വാക്കുകൾ അപ്പസ്തോലസഭ കണ്ടെത്തിയ ഉത്തരത്തിന്റെ ഒരു നിദർശനമാണ്. എന്നാൽ വീണ്ടും ചോദ്യങ്ങൾ ഉയർന്നു. എന്തുകൊണ്ടാണ് അവൻ നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിക്കുവാൻ ഇടയായത്? അവൻ നമ്മെ സ്നേഹിച്ചതുകൊണ്ടാണ് സ്വയം കുരിശുമരണത്തിന് ഏല്പിച്ചു കൊടുത്തത് എന്നായിരുന്നു അതിനുള്ള മറുപടി. ദൈവം ലോകത്തെ സ്നേഹിച്ചതു സംബന്ധിച്ച് വി. വേദപുസ്തകം ആദ്യന്തം പ്രതിപാദിക്കുന്നു. ദൈവത്തിന്റെ സ്നേഹം ലോക സൃഷ്ടിയിൽ തന്നെയുണ്ടായിരുന്നു. വീണുപോയ സൃഷ്ടിയെ വീണ്ടെടുക്കുവാൻ ദൈവം തീരുമാനിച്ചപ്പോൾ ആ സ്നേഹം കൂടുതൽ പ്രകടമായി. അനേകം പ്രവാചകന്മാരിലൂടെ ദൈവസ്നേഹം പ്രഘോഷിക്കപ്പെട്ടു. എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ് നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും (യെരമ്യ 31:3) എന്ന പ്രവാചകന്റെ വായിലൂടെ യഹോവയാം ദൈവം പറയുമ്പോൾ തന്റെ ജനത്തോടുള്ള സ്നേഹം ഇവിടെ വ്യക്തമാക്കപ്പെടുന്നു.

പെന്തക്കോസ്തു നാളിൽ പത്രോസ് ശ്ലീഹാ പതിനൊന്നു ശ്ലീഹന്മാരോടൊത്ത് നിന്നുകൊണ്ട് മൂവായിരത്തോളം വരുന്ന ജനസമൂഹത്തോട് സംസാരിച്ചു (അപ്പോ.പ്ര. 2:23). വളരെ വ്യക്തമായി അദ്ദേഹം അവരോട് പറയുന്നത്. നിങ്ങൾ ക്രൂശിൽ തറച്ച യേശുവിനെ (അപ്പോ. പ്ര. 2:35) എന്ന് പ്രയോഗത്തിലൂടെയാണ്. ആ യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമായി ഉയർത്തി എന്നദ്ദേഹം പറയുന്നു. പ. പത്രോസിനെ ശ്രവിച്ചുകൊണ്ടിരുന്ന ആ ജനസമൂഹമൊക്കെയും കാൽവരിയിൽ ക്രൂശീകരണത്തിന്റെ സന്ദർഭത്തിൽ അവിടെ ഉണ്ടായിരുന്നു എന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. അവരെല്ലാവരും പീലാത്തോസിന്റെ കൊട്ടാരത്തിൽ (പ്രൊത്തോറിയം) ക്രൂശിക്കുക ക്രൂശിക്കുക എന്ന് അട്ടഹസിച്ചുകൊണ്ട് നിലകൊണ്ടിരിക്കുന്നു എന്ന് വിചാരിക്കുവാനും തരമില്ല. എങ്കിൽ പിന്നെ എങ്ങിനെയാണ് പത്രോസിന് അവരോട് നിങ്ങൾ ക്രൂശിച്ച യേശുവിനെ എന്ന് സംബോധന ചെയ്യുവാൻ സാധിക്കുന്നത്. പല സന്ദർഭങ്ങളിൽ യേശുവിനെ നിരസിച്ചവരാണ് അവർ. ചിലരെല്ലാം ക്രൂശിച്ചവരോട് ചേർന്ന് നിന്നിട്ടുള്ളവരാണ് എന്നു കരുതാം. ദൈവരാജ്യത്തെക്കുറിച്ച് യേശു പറഞ്ഞപ്പോൾ അതിൽ താല്പര്യം കാണിക്കാതിരുന്നവരുണ്ട്. മാനസാന്തരപ്പെടുവിൻ എന്നുള്ള ആഹ്വാനം കേട്ടിട്ടും അതിനെ നിരസിച്ചവരാണവരിൽ പലരും. ചിലരെല്ലാം അവന്റെ പ്രസംഗത്തിൽ അസ്വസ്ഥരായിത്തീർന്ന് നീ ഞങ്ങളുടെദേശം വിട്ട് പോക എന്ന് പറഞ്ഞിട്ടുണ്ട്. ഇങ്ങിനെ യേശുമൂലം ഉണ്ടായ അനേകം നന്മകളെ നിരസിച്ചവരും തിരസ്ക്കരിച്ചവരുമാണ് ആ ജനസമൂഹം. അതുകൊണ്ടാണ് പത്രോസിന്റെ വാക്കുകൾ നിങ്ങൾ ക്രൂശിച്ച യേശുവിനെ എന്നുള്ളത് അവർക്ക് അനുയോജ്യമായി തീർന്നത്.

ഏതു കാലത്തും ഉള്ള ജനങ്ങൾക്കും പത്രോസിന്റെ ഈ വാക്കുകൾ അന്വർത്ഥമാണ്. വിശ്വാസികളെന്ന് സ്വയം അഭിമാനിക്കുമ്പോഴും ദൈവനിഷേധവും സഹോദര സ്നേഹമില്ലായ്മയുള്ളവരല്ലേ നമ്മിൽ മിക്കവരും? യഥാർത്ഥ അനുതാപം ഇല്ലാതെയും ദൈവത്തിന്റെ ഭരണത്തെക്കുറിച്ച് ലവലേശം ചിന്തയില്ലാതെയും കഴിയുന്നവരല്ലേ നാം എന്ന് ഓർക്കാം. പലപ്പോഴും യേശുവിന്റെ വചനങ്ങൾ നമ്മെ അസ്വസ്ഥരാക്കുന്നു. അത് നമ്മെ രൂപീകരിക്കുവാൻ നാം അവസരം നൽകാതെയിരിക്കുന്നില്ല? നിങ്ങൾ ക്രൂശിച്ച യേശുവിനെ എന്ന പദപ്രയോഗം നമുക്കും അനുയോജ്യമല്ലേ?

### ക്രൂശിന്റെ മഹത്വം

യോഹന്നാന്റെ സുവിശേഷത്തിന്റെ തുടക്കത്തിൽ അദ്ദേഹം പ്രസ്താവിക്കുന്നു, ഞങ്ങൾ അവന്റെ തേജസ്സ്, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു (യോഹ. 1:14). എവിടെയാണ് യേശുവിന്റെ മഹത്വം കണ്ടത്? എന്ന് യോഹന്നാനോട് ചോദിച്ചാൽ അതിന്റെ ഉത്തരം അവന്റെ ക്രൂശിൽതന്നെ എന്ന മറുപടി മാത്രമേ നമുക്കു ലഭിക്കൂ. ദൈവത്തിന്റെ മഹത്വം, മറഞ്ഞിരിക്കുന്ന മഹത്വം ആദിമുതലേ ജഡാവതാരം ചെയ്ത യേശുമ്ശിഹായിൽ കാണുവാൻ കഴിയും. യേശുക്രിസ്തുവിന്റെ ജനനത്തിങ്കൽ ക്രൂശിന്റെ നിഴൽ നമുക്ക് കാണുവാൻ കഴിയും. നിന്റെ പ്രാണനിൽ കൂടിയും ഒരു വാൾ കടക്കും (ലൂക്കോസ് 2:35) എന്ന മറിയാമിനോടുള്ള ശീമോന്റെ പ്രസ്താവനയിൽ അത് നമുക്കു കാണാം. നാല്പതു ദിവസം ഉപവസിച്ച യേശുവിനെ പരീക്ഷിക്കുവാൻ വരുന്ന സാത്താൻ അവനെ കുരിശിന്റെ മാർഗ്ഗത്തിൽ നിന്നും വ്യതിചലിപ്പിച്ച് ആധിപത്യത്തിന്റെ വഴി സ്വീകരിപ്പാൻ പ്രേരിപ്പിക്കുന്നു. എന്നാൽ യേശുനാഥൻ ആ മാർഗ്ഗം സ്വീകരിക്കാതെ കുരിശിന്റെ വഴി പിൻതുടർന്നു. ദേവാലയ ശുദ്ധീകരണത്തിന്റെ സന്ദർഭത്തിൽ യേശു പറഞ്ഞു. നിങ്ങൾ ഈ മന്ദിരം പൊളിപ്പീൻ, ഞാൻ ഇതിനെ മൂന്നുദിവസം കൊണ്ടു പണിയും. തന്റെ ശരീരമാകുന്ന

(ശേഷം പേജ് 4-ൽ)

# പാഥേയം 2011




*പാഥേയം 2011–ന്റെ ഉദ്ഘാടനം കോട്ടയം ഭദ്രാസന സെക്രട്ടറി വന്ദ്യദിവ്യശ്രീ കുറിയാക്കോസ് കോർഎപ്പിസ്കോപ്പാ കിഴക്കേടത്ത് നിർവ്വഹിക്കുന്നു. കോളേജ് പ്രിൻസിപ്പൽ അന്ന ജോൺ തെങ്ങും തുരുത്തേൽ, ജോൺ നാലുന്നാക്കൽ തുടങ്ങിയവർ സമീപം.*

കോട്ടയം: മണർകാട് സെന്റ് മേരീസ് കോളേജിൽ വിദ്യാർത്ഥികളുടെ പൊതിച്ചോർ സമർപ്പണത്തെ ആദരിച്ച പാഥേയം 2011 ശ്രദ്ധേയമായി. മണർകാട് കോളേജിലെ വിദ്യാർത്ഥികളുടെ അലിവിന്റെ പ്രതീകമായി എല്ലാ വ്യാഴ്യാഴ്ചകളിലും ഒരു പൊതിച്ചോർ കോട്ടയം മെഡിക്കൽ കോളേജിലെ നിർദ്ധരായ രോഗികൾക്കു വിതരണം ചെയ്യുന്നു. കഴിഞ്ഞ മൂന്നു വർഷമായി കോളേജ് യൂത്ത് റെഡ്ക്രോസാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. മെഡിക്കൽ കോളേജിനു സമീപം പ്രവർത്തിക്കുന്ന ആശ്രയ സെന്ററാണ് ഈ പ്രവർത്തനങ്ങൾക്കു മുഖ്യനേതൃത്വം നൽകുന്നത്. സന്നദ്ധ പ്രവർത്തകർ കുട്ടികൾ കൊണ്ടുവരുന്ന ഭക്ഷണപൊതികൾ ശേഖരിച്ച് ആശ്രയാ ഗൈഡൻസ് സെന്റർ വഴി രോഗികൾക്ക് വിതരണം ചെയ്യുന്നു. ആശ്രയായുടെ വ്യാഴാഴ്ചകളിലെ ഭക്ഷണ വിതരണം മണർകാട് കോളേജിലെ കുട്ടികൾ കൊണ്ടുവരുന്ന ഭക്ഷണപൊതികൾ കൊണ്ടാണ്. ചില വിശേഷ ദിവസങ്ങളിൽ യൂത്ത് റെഡ്ക്രോസ് പ്രവർത്തകർ ആശ്രയിൽ നേരിട്ടെത്തി ഭക്ഷണപൊതി വിതരണത്തിനു സഹായിച്ചു. പാഥേയം 2011 കോട്ടയം ഭദ്രാസന സെക്രട്ടറി വെരി റവ. ഫാ. കുര്യാക്കോസ് കിഴക്കേടത്ത് ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജിബി മാത്യു, റവ. ഫാ. സനോജ് കരോട്ടെക്കുറ്റ്, ഫാ. കെ. കെ. തോമസ് കറുകപ്പടി, പ്രിൻസിപ്പൽ അന്നജോൺ, അനീഷ് ജോസഫ്, ജോൺ നാലുന്നാക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

# സൗമോ ദ്ശൈനോ് നോമ്പുകാല പ്രാർത്ഥനാ സംഗമം ആരംഭിച്ചു

മണർകാട് വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന നോമ്പുകാല പ്രാർത്ഥനാ സംഗമം സൗമോദ്ശൈനോ (സമാധാനത്തിന്റെ നോമ്പ്) മാർച്ച് 20–ാം തീയതി മുതൽ ആരംഭിച്ചു. വലിയനോമ്പിന്റെ പ്രാധാന്യം മനസ്സിലാക്കും വിധത്തിലുള്ള പ്രസംഗങ്ങൾ ആണ് വിവിധ ഞായറാഴ്ചകളിൽ പ്രാർത്ഥനാ സംഗമത്തിൽ ക്രമീകരിച്ചിരിക്കുന്നത്. മാർച്ച് 20–ന് കുഴിപ്പുരയിടം കരയിൽ കണിയാംപറമ്പിൽ സന്തോഷുകുട്ടിയുടെ ഭവനത്തിൽ നടന്ന യോഗത്തിൽ സൗമോദ്ശൈനോയുടെ ഉദ്ഘാടനം യൂത്ത് അസോസിയേഷൻ പ്രസിഡന്റ് റവ. ഫാ. കുറിയാക്കോസ് കാലായിൽ നിർവ്വഹിച്ചു. റവ. ഫാ. മനോജ് സ്കറിയ വാളംപറമ്പിൽ, നിധിൻ സി. ഗീവർഗീസ് വാലയിൽ എന്നിവർ യോഗത്തിന് ആശംസ യർപ്പിച്ചു. തുടർന്ന് ഡീ. അഭിലാഷ് വലിയ വീട്ടിൽ യോഗത്തിൽ സുവിശേഷ പ്രസംഗം നടത്തി. മാർച്ച് 27–ന് കീച്ചാൽ സണ്ടേസ്കൂളിൽ ചേരുന്ന യോഗത്തിൽ ഡീ. ജിനു ജീസസ് കുരുവിള മുണ്ടടിയിൽ, ഏപ്രിൽ 3–ന് പറമ്പുകര, മഠത്തിൽ പറമ്പിൽ മാത്യു ചാക്കോയുടെ ഭവനത്തിൽ നടക്കുന്ന യോഗത്തിൽ റവ.ഫാ. മനോജ് സ്കറിയ വാളംപറമ്പിലും, ഏപ്രിൽ 10–ന് മാലം കരയിൽ റവ. ഫാ. കുര്യാക്കോസ് കാലായിലിന്റെ ഭവനത്തിൽ ചേരുന്ന യോഗത്തിൽ റവ.ഫാ. കുര്യൻ മാത്യു വടക്കേപറമ്പിലും ഏപ്രിൽ 17–ന് പത്താഴക്കുഴി സണ്ടേസ്കൂളിൽ ചേരുന്ന സമാപന യോഗത്തിൽ റവ.ഫാ. കെ. കെ. തോമസ് കറുകപ്പടിയിൽ വചന ശുശ്രൂഷ നിർവ്വഹിക്കുന്നതാണ്.

## യൂത്ത് അസോസിയേഷൻ അനുശോചിച്ചു

യാക്കോബായ സുറിയാനി സഭയുടെ ബൈബിൾ വിജ്ഞാനകോശം എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഗീവറുഗീസ് മോർ പോളികാർപ്പോസ് തിരുമേനിയുടെ ദേഹവിയോഗത്തിൽ മണർകാട് യൂത്ത് അസ്സോസിയേഷൻ അനുശോചിച്ചു. സന്തോഷ്കുട്ടി കണിയാംപറമ്പിൽ അനുശോചന പ്രമേയം അവതരിപ്പിക്കുകയും സുരേഷ് ജോൺ കൈപ്പള്ളിയിൽ അനുസ്മരണ പ്രഭാഷണം നടത്തുകയും ചെയ്തു.

## പത്താഴക്കുഴി സണ്ടേസ്കൂൾ അനുശോചിച്ചു

വെള്ളൂർ: അഭി. ഗീവറുഗീസ് മോർ പോളികാർപ്പോസ് തിരുമേനിയുടെ ദേഹ വിയോഗത്തിൽ പത്താഴക്കുഴി സെന്റ് മേരീസ് സണ്ടേസ്കൂളിൽ ചേർന്ന യോഗം അനുശോചിച്ചു. മനു ആപ്പിത്തറ, ജോസഫ് ജോസഫ് എന്നിവർ പ്രസംഗിച്ചു.

# യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം

പുത്തൻകുരിശ്: യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം ജൂലൈ 9–ന് ചേരുവാൻ പുത്തൻകുരിശിൽ ചേർന്ന യാക്കോബായ സുറിയാനി സഭ വർക്കിംഗ് കമ്മിറ്റി ശുപാർശ ചെയ്തു.

അസോസിയേഷൻ സംബന്ധിച്ച് സഭയുടെ മാനേജിംഗ് കമ്മിറ്റി അന്തിമ തീരുമാനം കൈക്കൊള്ളുമെന്ന് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവ വ്യക്തമാക്കി.

പൗരസ്ത്യ സുവിശേഷ സമാജത്തിന്റെയും ഹോണോവർ മിഷന്റെയും സീനിയർ മെത്രാപ്പോലീത്ത ഗീവർഗീസ് മോർ പോളിക്കാർപ്പോസിന്റെ ദേഹവിയോഗത്തിൽ വർക്കിംഗ് കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി.

വ്യവഹാരങ്ങൾ അവസാനിപ്പിച്ച് മദ്ധ്യസ്ഥന്മാരുടെ സാന്നിദ്ധ്യത്തിൽ ഇരുസഭകളും തമ്മിൽ അവശേഷിക്കുന്ന തർക്കങ്ങൾക്ക് പരിഹാരം കാണണമെന്ന ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിനെ ഏറെ ആദരവോടും ബഹുമാനത്തോടും കൂടി യാക്കോബായ സഭ കാണുന്നു എന്ന് ശ്രേഷ്ഠ ബാവാ പറഞ്ഞു.

ആദരണീയനായ മുൻ മുഖ്യമന്ത്രി സി. അച്യുതമേനോൻ ഇരു സഭകളും തമ്മിലുള്ള തർക്കങ്ങൾ നീതിപൂർവ്വവും ജനാധിപത്യപരവുമായി പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു എങ്കിലും മെത്രാൻകക്ഷി സഭ ആ നിർദ്ദേശങ്ങളെ അവഗണിക്കുകയാണ് ഉണ്ടായത്. ഇതര ക്രൈസ്തവ സഭ മേലദ്ധ്യക്ഷന്മാരുടെ മദ്ധ്യസ്ഥശ്രമങ്ങളോടും മെത്രാൻ കക്ഷി സഭയുടെ നിലപാട് അത് തന്നെ ആയിരുന്നു.

ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യരെപ്പോലുള്ള സാമൂഹിക നായകന്മാരുടെ ശ്രമങ്ങളോടും അവർ സഹകരിക്കുകയുണ്ടായില്ല. ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശവും അവഗണിക്കപ്പെടുന്ന അവസ്ഥയാണുള്ളതെന്ന് ശ്രേഷ്ഠ ബാവ ചൂണ്ടിക്കാട്ടി.

വ്യവഹാരങ്ങളും തർക്കങ്ങളും അവസാനിപ്പിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇരു സഭകൾക്കും സമൂഹത്തോടുള്ള കടപ്പാട് നിറവേറ്റാനുള്ള സാഹചര്യം പൂർണ്ണമായും ഉണ്ടാകണമെന്ന് യാക്കോബായ സഭ ആഗ്രഹിക്കുന്നു. എന്നാൽ മെത്രാൻ കക്ഷി സഭാ നേതൃത്വം യാക്കോബായ സഭയുടെ ദൈവാലയങ്ങൾക്കും വിശ്വാസികൾക്കും എതിരായി പുതിയ വ്യവഹാരങ്ങൾക്ക് തുടക്കമിടാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. ഇടവക പള്ളികളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതായ നടപടി ആരുടെ ഭാഗത്ത്നിന്ന് ഉണ്ടായാലും അത് അനുവദിക്കുകയില്ലെന്ന് ശ്രേഷ്ഠ ബാവ വ്യക്തമാക്കി.

ഇരു സഭകളാണ് എന്ന യാഥാർത്ഥ്യത്തിനുള്ളിൽ നിന്നുകൊണ്ടുള്ള ചർച്ചകളെയും മധ്യസ്ഥ ശ്രമങ്ങളെയും യാക്കോബായ സഭ പൂർണ്ണമനസ്സോടെ സ്വീകരിക്കുമെന്ന് ശ്രേഷ്ഠ ബാവ വ്യക്തമാക്കി.

# കർത്താവിൽ നിദ്രപ്രാപിച്ചു

- ഏലിയാമ്മ (80), കൊച്ചിട്ട്യേടത്ത്, വെള്ളൂർ,
- ചാക്കോ (67), ചെറുകുന്നേൽ, വെള്ളൂർ,
- പി. ഐ. ചാണ്ടി (70), പാറയിൽ ഗ്രാമറ്റം.
- വി. ഇ. ജോൺ (73), വള്ളനാട്ട്, കുഴിപ്പുരയിടം
- റാഹേൽ (99), മണ്ണൂപ്പറമ്പിൽ, കുഴിപ്പുരയിടം
- ചാക്കോ വറുഗീസ് (83), പെരുമാനൂർ, മാലം



*മാലം: ജാലകം ബാലജനസംഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച സ്നേഹതീരം പദ്ധതി-അംഗങ്ങൾ ശേഖരിച്ച ഭക്ഷണപൊതികൾ ആശ്രയ ഗൈഡ ൻസ് ആൻഡ് കൗൺസിലിംഗ് സെന്റർ കോർഡിനേറ്റർ അനീഷ് ജോസഫിനു നൽകിക്കൊണ്ട് സഖ്യം സേവനവിഭാഗം കൺവീനർ ജസ്റ്റിൻ തോമസ് നിർവ്വഹിക്കുന്നു. ജിതിൻ കാലായിൽ, ലിസി ബേബിച്ചൻ എന്നിവർ സമീപം.*

## ദുഖ്റോനോ



കടവിൽ ഡോ. പൗലോസ് മോർ അത്താനാസ്യോസ് (മാർച്ച് 7)



പരിശുദ്ധ സ്ലീബാ മോർ ഒസ്താത്തിയോസ് (മാർച്ച് 19)



അഭിവന്ദ്യ കുറിയാക്കോസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത (മാർച്ച് 22)



വെരി.റവ. കുറിയാക്കോസ് കോർ എപ്പിസ്ക്കോപ്പാ പാതയിൽ (മാർച്ച് 13)

## സ്നേഹസ്മരണ



**അലക്സ് പാലാത്തറ**

ജനനം : 6.11.1964

മരണം : 16.03.2006

*Inserted by:* **Suresh John**

# ക്രൂശിന്റെ നിത്യമായ പ്രസക്തി

*(പേജ് 2-ൽ നിന്നും തുടർച്ച)*

മന്ദിരം നശിപ്പിക്കപ്പെട്ടാലും അത് പുതുജീവൻ പ്രാപിച്ച് ഉയിർക്കും എന്ന് യേശു കർത്താവ് അർത്ഥമാകുന്നു.

### ക്രൂശിന്റെ ശക്തി

പ. പൗലൂസ് ശ്ലീഹാ കൊരിന്ത്യർക്കെഴുതുമ്പോൾ പറയുന്നു. യെഹൂദന്മാർ അടയാളം ചോദിക്കുകയും യവനന്മാർ ജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു. ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു. യഹൂദന്മാർക്കും ഗ്രീക്കുകാർക്കും രണ്ടുവിധത്തിലുള്ള അന്വേഷണം ഉണ്ടായിരുന്നു. എന്നാൽ രണ്ടും ലോകമഹത്വം കേന്ദ്രീകരിച്ചുള്ളതായിരുന്നു. പൗലൂസ് ശ്ലീഹായും മറ്റപ്പസ്തോലന്മാരും പ്രസംഗിച്ചതായ കുരിശിനു മനുഷ്യന്റെ പാപത്തെ പോക്കുവാൻ മാത്രമല്ല, എല്ലാവരെയും പൂർണ്ണരാക്കുവാനും കഴിയുന്നതായിരുന്നു. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നിരിക്കുന്നു എന്ന ഏശായ ദീർഘദർശിയുടെ വാക്കുകളെ നമുക്ക് ചിന്തിക്കാം. ആർച്ച് ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ അനേകം ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ ഗ്രന്ഥം ക്രിസ്തുവിന്റെ ജിവിതം ആണ്. തന്റെ മറ്റു പുസ്തകങ്ങളെപ്പറ്റി അദ്ദേഹം പറയുന്നത് ഒന്നുകിൽ ചില ചോദ്യങ്ങൾക്കുള്ള ഉത്തരമായിട്ടാണ് അവ രചിക്കപ്പെട്ടിട്ടുളളത്. മറ്റു ചിലത് ഉത്തരം നൽകപ്പെട്ടതായ ചോദ്യങ്ങൾ വീണ്ടും പുനരവലോകനം ചെയ്തുകൊണ്ട് എഴുതിയിട്ടുള്ളതാണ്. എന്നാൽ ക്രിസ്തുവിന്റെ ജീവിതം എന്ന പുസ്തകത്തെപ്പറ്റി അദ്ദേഹം പറയുന്നത് കേൾക്കുക.

ദീർഘമായ 10 വർഷങ്ങൾ പല വിധത്തിലുള്ള മാനസിക പീഡകൾക്ക് വിധേയമായി താൻ ജീവിച്ചു. നിരാശയിലും നിരർത്ഥകമായ ജീവിതത്തിലും മുമ്പോട്ട് പോയപ്പോൾ അദ്ദേഹം എന്തു ചെയ്തു എന്ന് തുടർന്ന് വിവരിക്കുന്നു. ഞാൻ ക്രിസ്തുവിന്റെ ജീവിതത്തിലേക്ക് എന്നെതന്നെ ആമഗ്നമാക്കി. ഞാൻ അവന്റെ ക്രൂശിൽനിന്ന് ശക്തിയും അർത്ഥവും ആശ്വാസവും പ്രാപിച്ചു. (I plunged into the life of Christ and I found strength meaning and consolation in the cross of Christ). അങ്ങനെയാണ് തന്റെ ഏറ്റവും വിശിഷ്ടമായ ക്രിസ്തുവിന്റെ ജീവിതം എന്ന ഗ്രന്ഥം എഴുതുവാൻ കഴിഞ്ഞത് എന്നദ്ദേഹം പറയുന്നു. ഏറ്റവും അന്ധകാരമായ ജീവിത സാഹചര്യങ്ങളിൽ നമുക്ക് ക്രൂശിൽ നിന്ന് ലഭിക്കുന്ന ദിവ്യ പ്രകാശത്തിലൂടെയാണ് യേശുക്രിസ്തുവിന്റെ കുരിശ് നമ്മുടെ ജീവിതത്തിനും അർത്ഥമുള്ളതായിത്തീരുന്നത്.



*ആനിദേ ഞായറാഴ്ച യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഭക്തജനങ്ങൾക്ക് സംഭാരം വിതരണം ചെയ്യുന്നു.*



*ആനിദേ ഞായറാഴ്ച ശവക്കോട്ടചുറ്റിയുള്ള പ്രദിക്ഷണത്തിൽനിന്നും...*

## അറിയിപ്പ്

കോലോ സുറിയോയിൽ പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്ന വാർത്തകളും ചിത്രങ്ങളും എല്ലാമാസവും 20-ാം തീയതിക്കു മുൻപായി യൂത്ത് അസോസിയേഷൻ ഓഫീസിലോ, യൂത്ത് അസോസിയേഷൻ ഭാരവാഹികളെയോ ഏൽപ്പിക്കേണ്ടതാണ്. ഇവയോടൊപ്പം ബന്ധപ്പെടുവാനുള്ള കൃത്യമായ ഫോൺ നമ്പറുകൾ കൂടി ഉൾപ്പെടുത്തേണ്ട താണ്. പ്രസിദ്ധീകരണയോഗ്യമായ വാർത്തകളും ചിത്രങ്ങളും സ്ഥലലഭ്യതയനുസരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ

സെക്രട്ടറി (അജു മാത്യു മുണ്ടാനിക്കൽ)- 9496464299, എഡിറ്റർ (സുരേഷ് ജോൺ കൈപ്പള്ളിൽ)-9446073942, e-mail: editor.kolosuryoyo@gmail.com

# പെരുന്നാൾ ആഘോഷിച്ചു

ഇറ്റലി: റോമിലെ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് യാക്കോബായ സുറിയാനി പള്ളിയിലെ പെരുന്നാൾ ആഘോഷിച്ചു. ഇടവക മെത്രാപ്പോലീത്ത അഭി. കുര്യാക്കോസ് മോർ തെയോഫിലോസ് വി. കുർബ്ബാന അർപ്പിച്ചു. ഫാ. അജി ജോർജ്, ഫാ. സെബാസ്റ്റ്യൻ, ഷെറിൻ സ്കറിയ തുടങ്ങിയവർ പെരുന്നാൾ ചടങ്ങുകൾക്ക് നേതൃത്വം നൽകി. 2007-ൽ ആരംഭിച്ച സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് യാക്കോബായ പ്രെയർ ഗ്രൂപ്പ് കോൺഗ്രിഗേഷനായി ഉയർത്തുകയും പിന്നീട് ഇടവകയായി പ്രഖ്യാപിക്കുകയുമാണുണ്ടായത്. ഇപ്പോൾ മാസത്തിൽ രണ്ടു ഞായറാഴ്ചകളിൽ വി. കുർബ്ബാന നടത്തുവാൻ ഇടവക കമ്മിറ്റി തീരുമാനിച്ചു.



മണർകാട് സെന്റ്മേരീസ് കോളജിൽ നടത്തിയ രണ്ടാമത് ചിന്താപ്രസരത്തിൽ ഡോ. സുകുമാർ അഴീക്കോട് കുട്ടികളുമായി സംവദിക്കുന്നു.




2005-ൽ യൂത്ത് അസോസിയേഷന്റെ അഖില മലങ്കര ക്യാമ്പ് മണർകാട് പള്ളിയിൽവെച്ച് നടത്തിയപ്പോൾ ശ്രേഷ്ഠ കാതോലിക്കാ ബാവായോടും അഭിവന്ദ്യ മെത്രാപ്പോലീത്തന്മാരോടുമൊപ്പം അഭി. മോർ പോളിക്കാർപ്പസ് തിരുമേനി (യൂത്ത് അസോസിയേഷൻ ആൽബത്തിൽനിന്നും)

# വചനിപ്പ് പെരുന്നാൾ

**ആബൂൻ**

സഭാ കലണ്ടറിൽ ഏറ്റവും പ്രാധാന്യമുള്ള ഒരു ദിനമാണ് മാർച്ച് 25. ദൈവത്തിന്റെ രക്ഷാകര പദ്ധതിക്ക് വിശുദ്ധ ദൈവമാതാവ് തന്നെത്തന്നെ സമർപ്പിച്ച ശ്രേഷ്ഠമേറിയ ദിനത്തിന്റെ ഓർമ്മയാണ് വചനിപ്പ് പെരുന്നാൾ. ദൈവത്തിന്റെ പ്രധാന ദൂതനായ ഗബ്രിയേലിൽനിന്ന് ìദൈവപുത്രൻ നിന്നിൽനിന്ന് ജഡമെടുക്കുവാൻ തിരുമനസ്സായിîî എന്നുള്ള മംഗള വാർത്ത അറിയിച്ചപ്പോൾ വിശുദ്ധ മറിയം ìഇതാ ഞാൻ കർത്താവിന്റെ ദാസി. അവിടുത്തെ ഹിതം പോലെ എനിക്കു ഭവിക്കട്ടെയെന്ന്î ദൈവഇഷ്ടത്തിന് തന്നെത്തന്നെ വിനയപ്പെടുത്തിക്കൊടുത്ത ശ്രേഷ്ഠ ദിനമാണ് വചനിപ്പ്.

വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം 1-ാം അധ്യായം 26 മുതൽ വായിക്കുമ്പോൾ ഇതു കാണാം. തുടർന്നുള്ള ഭാഗത്ത് മറിയാം പരിശുദ്ധാത്മാവ് നിറഞ്ഞവളായി പ്രവചിക്കുന്നു. ഈ ഭാഗം വേദശാസ്ത്രജ്ഞന്മാർ ìമറിയാമിന്റെ പാട്ട്î എന്ന് നാമകരണം ചെയ്തു. ìവിമോചനത്തിന്റ വേദശാസ്ത്രംî എന്നും ഈ ഭാഗം അറിയപ്പെടുന്നു. സുറിയാനിസഭയുടെ ക്രമീകരണമനുസരിച്ച് ദുഃഖവെള്ളിയാഴ്ച വചനിപ്പ് പെരുന്നാൾ വന്നാലും വിശുദ്ധ കുർബ്ബാന ചൊല്ലി പെരുന്നാൾ ക്രമത്തിനുശേഷം മാത്രമേ ദുഃഖവെള്ളിയാഴ്ചയുടെ ക്രമം നടത്തുവാൻ അനുവദിച്ചിട്ടുള്ളൂ. ഇതിൽനിന്ന് വചനിപ്പ് പെരുന്നാളിന്റെ പ്രാധാന്യം വ്യക്തമാണ്.

വചനിപ്പ് പെരുന്നാൾ ആചരിക്കുമ്പോൾ നാം മനസ്സിലാക്കേണ്ട ഏറ്റവും വലിയ സന്ദേശം ലോകരിൽ ഏറ്റവും താഴ്ന്ന മറിയാം പ്രാപിച്ച ഔന്നത്യമാണ് ജീവിതത്തിൽ ദൈവത്തിന്റെ സന്നിധിയിലും മനുഷ്യർക്കിടയിലും മാതാവ് കാട്ടിത്തന്ന വിനയം താഴാഴ്മ ഇവ ജീവിതത്തിൽ പ്രവർത്തിപഥത്തിൽ എത്തിക്കുവാൻ നാം ശ്രമിക്കണം. ദൈവത്തിന് എന്നും അപ്രീയമായ അഹങ്കാരവും ഉന്നതഭാവവും നമ്മിൽനിന്ന് പൂർണ്ണമായി നീക്കുവാൻ വചനിപ്പ് പെരുന്നാൾ മുഖാന്തരമായി തീരട്ടെ. ഇന്ന് കുടുംബങ്ങളിലും സമൂഹത്തിലും ഉണ്ടാകുന്ന എല്ലാ അസമാധാനത്തിനും മൂലകാരണം സ്വാർത്ഥതയും അഹങ്കാരവുമാണ്. യെഹസ്ക്കേൽ പ്രവചനം 28-ാം അദ്ധ്യായം വായിക്കുമ്പോൾ ദൈവത്തെ ആരാധിക്കുവാനായി സൃഷ്ടിക്കപ്പെട്ട മാലാഖമാരുടെ അഹങ്കാരം നിമിത്തം അവർ ആയിരുന്ന ഉന്നത സ്ഥാനത്ത്നിന്നും നിപതിച്ച് സാത്താനായി രൂപാന്തരപ്പെട്ടത് നമുക്ക് മനസ്സിലാകും. ഏദന്റെ പറുദീസായിൽ ദൈവകല്പനയെ അവിശ്വസിച്ച് വിലക്കപ്പെട്ട കനി തിന്ന് അനുസരണക്കേടിന്റെ ശിക്ഷപ്രാപിച്ചു. ആദ്യ മാതാപിതാക്കളായ ആദവും ഹൗവ്വയും ചെയ്തതും അഹങ്കാരവും ദൈവത്തെപ്പോലെ ആകുവാനുള്ള ആഗ്രഹവുമാണ്. മറിയാം രണ്ടാം ഹൗവ്വായായി അനുസരണവും വിനയവും ലോകത്തിന് കാട്ടിത്തന്നു. മാനവകുലത്തിന്റെ എന്നേക്കുമുള്ള രക്ഷയ്ക്കും വീണ്ടെടുപ്പിനും കാരണമായിത്തീർന്ന മനുഷ്യാവതാരത്തിന് തന്നെത്തന്നെ മറിയാം ദൈവത്തിന് വിധേയപ്പെടുത്തി.

വചനിപ്പ് പെരുന്നാളിൽ നാമോർക്കപ്പെടുന്നത് വിശുദ്ധ യോഹന്നാന്റെ സുവിശേഷം ഒന്നാം അദ്ധ്യായം ഒന്നാം വാക്യത്തിൽ വായിക്കുന്ന ìആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു.î വചനം ദൈവമായിരുന്നു. ദൈവമായ വചനം ജഡധാരണം ചെയ്ത ശ്രേഷ്ഠ ദിനമാണ് വചനിപ്പ്.

## വിവാഹ ആശംസകൾ



മണർകാട് തലച്ചിറക്കൽ റ്റി. കെ. മാത്യുവിന്റെ മകൻ പ്രമോദ് റ്റി. മാത്യുവും മണർകാട് ചെറുകുന്നേൽ സി.കെ.രാജുവിന്റെയും പൊന്നമ്മ രാജുവിന്റെ മകൾ മെൽബി രാജുവും 5/03/2011-ൽ മണർകാട് സെന്റ് മേരീസ് കത്തീഡ്രലിൽവെച്ച് വിവാഹിതരായി.

# സുവിശേഷ മഹായോഗവും വാർഷിക സമ്മേളനവും

കീച്ചാൽ സണ്ടേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ 2011 ഏപ്രിൽ 7 മുതൽ 10 വരെ സുവിശേഷ യോഗങ്ങൾ നടത്തുന്നു. പ്രാർത്ഥനായോഗങ്ങളുടെ വാർഷികം 10-ാം തീയതി വന്ദ്യ. ദിവ്യശ്രീ ഇ. ടി. കുര്യാക്കോസ് കോർ എപ്പിക്സോപ്പാ ഉദ്ഘാടനം ചെയ്യുന്നതാണ്. 7-ന് റവ. ഫാ. ജെ. മാത്യൂസ് മണവത്ത്, 8-ന് റവ.ഫാ. ജേക്കബ് നടയിൽ, ചിങ്ങവനം, 9-ന് റവ. ഡീ. അഭിലാഷ് വലിയവീട്ടിൽ തുടങ്ങിയവർ പ്രസംഗിക്കുന്നു.

---

വെള്ളൂർ വടക്കുംഭാഗം പ്രാർത്ഥനായോഗത്തിന്റെയും സണ്ടേസ്കൂളിന്റെയും വനിതാ സമാജത്തിന്റെയും ഏകോപിച്ചുള്ള 33-ാമത് സുവിശേഷമഹായോഗവും 58-ാമത് വാർഷിക സമ്മേളനവും 2011 മാർച്ച് 31, ഏപ്രിൽ 1,2,3 തീയതികളിൽ നടത്തപ്പെടുന്നു.

കൺവൻഷൻ റവ.ഫാ. മാത്യൂസ് വടക്കേടത്ത് ഉദ്ഘാടനം ചെയ്യുന്നു. തുടർന്ന് റവ. ഡീ. അഭിലാഷ് വലിയവീട്ടിൽ പ്രസംഗിക്കുന്നു. 1-ന് റവ.ഫാ. തോമസ് മോളിയേക്കൽ, 2-ന് റവ.ഫാ. തോമസ് വേങ്കടത്ത്, 3-ന് പൊതുസമ്മേളനത്തിൽ റവ.ഫാ. മാത്യു. ജെ. മണവത്ത് അദ്ധ്യക്ഷത വഹിക്കുന്ന യോഗം വെരി. റവ. ഇ. ടി. കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ, ഇട്ട്യാടത്ത് ഉദ്ഘാടനം ചെയ്യുന്നു. റവ.ഫാ. ജോസി ഏബ്രഹാം അട്ടച്ചിറയെ അനുമോദിക്കുന്നു.

# സെന്റ് പോൾസ് മിഷൻ ഓഫ് ഇന്ത്യ സുവിശേഷയോഗവും സംഗീതവിരുന്നും ഏപ്രിൽ 1-നും 2-നും കോട്ടയത്ത്

യാക്കോബായ സുറിയാനി സഭയുടെ മിഷനറി പ്രസ്ഥാനമായ സെന്റ് പോൾസ് മിഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ 2011 ഏപ്രിൽ 1,2 (വെള്ളി, ശനി) തീയതികളിൽ വൈകിട്ട് 5.30 മുതൽ 8.30 വരെ കോട്ടയം തിരുനക്കര മൈതാനിയിൽ വച്ച് സുവിശേഷയോഗവും സംഗീത വിരുന്നു നടത്തപ്പെടുന്നു. 1-ാം തീയതി 5.30 -ന് സന്ധ്യാപ്രാർത്ഥന, ഗാനശുശ്രൂഷ എന്നിവയെ തുടർന്ന് കൺവെൻഷൻ ഉദ്ഘാടനം മിഷൻ പ്രസിഡന്റ് അഭി. ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത നിർവ്വഹിക്കും. സി.എം. ഷാജൻ (സെന്റ് പോൾസ് മിഷൻ) സുവിശേഷ പ്രഘോഷണം നടത്തും. 2-ാം തീയതി 5.30-ന് സന്ധ്യാപ്രാർത്ഥന, ഗാനശുശ്രൂഷ തുടർന്ന് തങ്കച്ചൻ തോമസ് (ഡയറക്ടർ സെന്റ് പോൾസ് മിഷൻ) സുവിശേഷ പ്രഘോഷണം നടത്തും. സെന്റ് പോൾസ് മിഷൻ ഓഫ് ഇന്ത്യ വൈസ് പ്രസിഡന്റ് ഫാ. എൽദോസ് പുളിഞ്ചോട്ടിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

## വലിയ നോമ്പിനോടനുബന്ധിച്ച് പ.പാത്രിയർക്കീസ് ബാവ തിരുമനസ്സിലെ ചാക്രിക ലേഖനം

# പ്രാർത്ഥനയും പശ്ചാത്താപവും വഴി ദൈവത്തിങ്കലേക്ക് തിരിയുക



ഞാൻ നിങ്ങളെ വന്നു കണ്ടിട്ടോ നിങ്ങളുടെ അവസ്ഥ കേട്ടിട്ടോ നിങ്ങൾ ഏകാത്മാവിൽ നിലനിന്ന് എതിരാളികളാൽ ഒന്നിലും കുലുങ്ങിപ്പോകാതെ ഏകമനസ്സോടെ സുവിശേഷത്തിന്റെ വിശ്വാസത്തിനായി പോരാട്ടം കഴിക്കുന്നു എന്നു ഗ്രഹിക്കേണ്ടതിന് ക്രിസ്തുവിന്റെ സുവിശേഷത്തിന് യോഗ്യമാം വിധം മാത്രം നടക്കുവിൻ (ഫിലി. 1:27).

പ്രിയമുള്ളവരേ നാം നിങ്ങളേവരുടേയും ക്ഷേമാന്വേഷണം നടത്തുകയും എന്റെ അപ്പോസ്തോലിക വാഴ്‌വും ദയാപൂർവ്വമായ പ്രാർത്ഥനയും സമർപ്പിച്ചു കൊണ്ടു പറയുന്നതെന്തെന്നാൽ,

ഫിലിപ്പിയർക്കുള്ള കത്തിന് ആമുഖമായി അപ്പോസ്തോലനായ പൗലോസ് നന്ദി ദൈവത്തിന് അർപ്പിച്ചുകൊണ്ടും അവർക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടും അവരുമായി മോക്ഷത്തിനായുള്ള കൃപ പങ്കിടുന്നു.

സുവിശേഷത്തിന്റെ അവസാന ഭാഗത്ത് ഇതേ വാക്കുകൾ അപ്പോസ്തോലനായ യോഹന്നാൻ എഴുതുന്നു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിനും എന്ന് എഴുതിയിരിക്കുന്നു. ഈ ജീവനാണ് യേശുക്രിസ്തുവിനെ വിശ്വസിക്കുന്നവർ സുവിശേഷത്തിൽനിന്നും ലഭിക്കുവാൻ അവകാശമായിരിക്കുന്നത്. അത് മറ്റൊന്നുമല്ല ക്രിസ്തുവിനോടൊത്തുള്ള ജീവിതം ഭൂമിയിലും സ്വർഗ്ഗത്തിലും ക്രിസ്തു ചൂണ്ടിക്കാണിച്ചു തന്നിട്ടുള്ളതാണ്.

നിങ്ങൾ തിരുവെഴുത്തുകൾ ശോധന ചെയ്യുന്നു അവയിൽ നിങ്ങൾക്ക് നിത്യജീവനുണ്ട് എന്നും നിങ്ങൾ നിരൂപിക്കുന്നുവല്ലോ. അവ എനിക്ക് സാക്ഷ്യം പറയുന്നു. സുവിശേഷത്തെ അന്വേഷിക്കുക എന്നാൽ, വിശദമായ പഠനവും, അതിന്റെ ഉള്ളടക്കം ശ്രദ്ധാപൂർവ്വം പുനഃപരിശോധനയ്ക്ക് വിധേയമാക്കുകയുമാകുന്നു. ഇത് നിർവ്വഹിക്കുന്ന വ്യക്തി രക്ഷകനായ യേശുവിനെ കണ്ടെത്തുകയും, പഴയ നിയമത്തിൽ രേഖപ്പെടുത്തിയ ക്രിസ്തീയ പ്രവചനങ്ങൾ ഗ്രഹിക്കുവാൻ പ്രാപ്തനാകുകയും ചെയ്യും. ഈ അശരീരികളും, പ്രവചനങ്ങളും ദൈവദൂതന്മാരാൽ എഴുതപ്പെട്ടവയാണ്. (നന്മ നിറഞ്ഞതും സത്യസന്ധമായ ജീവിതവും നയിച്ച) ദൈവ ദൂതന്മാരാൽ എഴുതപ്പെട്ടവയാണ്. പഴയ നിയമത്തിലെ ജനങ്ങൾ ഈ അരുളപ്പാടുകൾ ദൈവവചനമായി കരുതുവാൻ ഭരമേല്പിക്കപ്പെട്ടവരുമായിരുന്നു. ചിലർ അജ്ഞതമൂലവും ആരാധിച്ചിരുന്നു. അവർ അത് ശ്രദ്ധയോടെ വായിച്ചിരുന്നില്ല, വിശ്വാസം, ഭക്തി, ദൈവഭയം ഉള്ളവരായി അപഗ്രഥനം ചെയ്ത് (വേദവചനം) നിവർത്തിക്കപ്പെടും എന്ന് മനസ്സിലാക്കിയില്ല. ദൈവം അവരെ ശാസിച്ചു. നിങ്ങൾ മോശയെ വിശ്വസിച്ചു എങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു. അവൻ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു. എന്നാൽ, അവന്റെ എഴുത്ത് നിങ്ങൾ വിശ്വസിക്കുന്നില്ല എങ്കിൽ എന്റെ വാക്ക് എങ്ങനെ വിശ്വസിക്കും (യോഹ. 5:46,47).

സുവിശേഷം ആത്മാർത്ഥമായ, ദൈവികമായ കണ്ടെത്തലും ഉറപ്പുള്ള ആത്മീയ പാലം എന്ന നിലയ്ക്കും അനശ്വര ജീവിതത്തിന്റെ തിരിച്ചറിവിലേയ്ക്ക് നമ്മേ നയിക്കുന്നു. ഇതിന്റെ കാരണം യേശുക്രിസ്തു ലോകത്തിലേയ്ക്ക് വന്നത് നമുക്ക് ജീവൻ പ്രദാനം ചെയ്യുവാനും അങ്ങ്, വഴിയും സത്യവും ജീവനുമായുള്ളതുകൊണ്ടുമത്രേ. ജീവന്റെ അവകാശികളാകുവാൻ നമ്മെ വിളിക്കുന്നു. അദ്ദേഹം തന്നെ നിരസിച്ച യഹൂദരെ ശാസിച്ചു. എങ്കിലോ ജീവൻ പ്രാപിക്കേണ്ടതിന് എന്റെയടുത്തു വരാൻ നിങ്ങൾക്ക് മനസ്സില്ല.

സുവിശേഷം യേശുവിന്റെ വാക്കുകളിലും പ്രവൃത്തിയിലുമുള്ള ആദർശ ജീവിതത്തിന്റെ വിശ്വസനീയമായ രേഖയാണ്. നമ്മെ ആജ്ഞാനുവർത്തികളായി കാണുന്നില്ല. നിരോധനങ്ങൾ നിർത്തിയിട്ടില്ല. നേരെ മറിച്ച് യേശുക്രിസ്തുവിനെ ഒരു ജീവിയ്ക്കുന്ന മാതൃകയായി ചിത്രീകരിച്ച് ആ കുരിശുവഹിച്ചുകൊണ്ട് പിൻതുടരുവാൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു. നാം പിൻതുടരുന്നത് നമുക്ക് അവനിലൂടെ നിത്യജീവൻ ലഭിക്കുന്നതിന് വേണ്ടിയാണ് പൗലോസ് അപ്പോസ്തലൻ ഉദ്ദേശിക്കുന്നതും ഇതുതന്നെയാണ്. ക്രിസ്തുവിന്റെ സുവിശേഷത്തിന് യോഗ്യമായ വിധം മാത്രം നടക്കുവിൻ (ഫിലി. 1:27). ഈ ആശയം അദ്ദേഹം തന്നെ ക്കുറിച്ചുതന്നെ സൂചിപ്പിക്കുന്നുണ്ട് ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത് (ഗലാത്യ 2:20).

അങ്ങനെ, യാഥാർത്ഥ ക്രിസ്ത്യാനി എന്നുപറയുന്നത് ക്രിസ്ത്യാനിയായി ജനിച്ച വ്യക്തിയെക്കുറിച്ചല്ല. അല്ലെങ്കിൽ ക്രിസ്തുവിൽ വിശ്വസിക്കുകയും ആ പേരിൽ തന്നെ മാമ്മോദീസാ മുങ്ങുകയും ചെയ്ത വ്യക്തിയേക്കുറിച്ചല്ല. യഥാർത്ഥ ക്രിസ്ത്യാനി എന്നു പറയുന്നത് ക്രിസ്തുവിനോടുകൂടി ക്രൂശുമരണം പ്രാപിച്ചതിനുശേഷം ക്രിസ്തുവിനൊടൊപ്പം ജീവിക്കുകയും ദൈവീക സ്വഭാവത്തിലേയ്ക്ക് മാറ്റപ്പെടുകയും ചെയ്ത വ്യക്തിയെക്കുറിച്ചാണ്. ദൈവിക സ്വഭാവമുള്ള ഒരു വ്യക്തിയായി രൂപാന്തരം പ്രാപിക്കുന്നു. ക്രിസ്തു അവനിൽ വസിക്കുമ്പോൾ അവനെ ഒരു രക്ഷകനായി മാറുന്നു. ക്രിസ്തുവിന്റെ അന്ത്യോഖ്യായിലെ അനുയായികളെ ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെടുന്നത് അവജ്ഞയോടെയും വെറുപ്പോടെയുമാണ് കരുതിയിരുന്നത്. പുറജാതിക്കാരെയും, യഹൂദന്മാരെയും അപേക്ഷിച്ച് ക്രിസ്തുവിന്റെ അനുയായികൾ സൗമ്യതയുള്ളവരും എളിമയുള്ളവരുമായിരുന്നു. അവർ ശത്രുക്കളെപ്പോലും സ്നേഹിച്ചിരുന്നു. മറ്റുള്ളവരുമായിട്ടുള്ള ഇടപെടലുകളിൽ അവർ സത്യസന്ധരും പൗലോസ് അപ്പോസ്തോലൻ പറഞ്ഞതുപോലെ ദൈവപൈതലിന്റെ ഗുണങ്ങളും നന്മകളും ഉള്ളവരും എല്ലാ സൽപ്രവർത്തികൾക്കും പ്രാപ്തിയുള്ളവരുമായിരുന്നു. അന്ത്യോഖ്യായിലെ പുറജാതികളായ പൗരന്മാർ ക്രിസ്തുവിന്റെ ഗുണങ്ങൾ മനുഷ്യബലഹീനതയായി കണക്കാക്കിയിരുന്നു. തന്മൂലം അവർ ക്രിസ്തുവിന്റെ അനുയായികളെ ക്രിസ്ത്യാനികൾ എന്നു വിളിച്ചു കാരണം അവർ അവരിൽ ദർശിച്ചത് യുവാവായ ക്രിസ്തുവിനെ തന്നെയായിരുന്നു. പുതിയ നിയമത്തിൽ ക്രിസ്ത്യാനി എന്ന പദം വിശ്വാസികൾക്ക് അഭിമാനത്തിന്റെ ഉറവിടവും ബഹുമാനവുമായി മാറി. ക്രിസ്തുവിന്റെ സുവിശേഷത്തിന് യോജിച്ചവിധം ജീവിച്ച വിശ്വാസികൾ ക്രിസ്തുവിനെ സ്വീകരിക്കുകയും. അവന്റെ മാതൃക സ്വീകരിക്കുകയും ചെയ്ത അവർക്ക് അവൻ ദൈവമക്കളാകുവാൻ അധികാരം കൊടുത്തു. അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല. പുരുഷന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽനിന്നാണ് ജനിച്ചത് (യോഹ. 1:12,13) അവർ സ്വയം ത്യജിച്ച് ക്രിസ്തുവിനായി ജീവിക്കുന്നു. കാരണം ക്രിസ്തുവിലുള്ള ജീവിതം അവർക്ക് ജീവിതത്തിന്റെ ആരംഭമായി തീർന്നു. ക്രിസ്തു അവരുടെ തലവനായിത്തീർന്നു. അവരോ ശരീരത്തിന്റെ ഭാഗമായി അപ്പോസ്തലനായ പൗലോസ് എഴുതിയതുപോലെ കാരണം നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലയോ (എഫെസ്യ 5:30). നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു (എഫെസ്യ 3:20). നമ്മൾ സ്വർഗ്ഗത്തിന്റെ അവകാശികളാകുന്നു. ഭൂലോക ജീവിതത്തിൽ നമ്മുടെ കർത്തവ്യത്തെക്കുറിച്ച് നാം തീരുമാനിക്കേണ്ടതാകുന്നു. നമ്മൾ ക്രിസ്തുവിന്റെ പ്രത്യേക ദൂതന്മാരാകുന്നു അവന്റെ ദൗത്യം നിവർത്തിക്കുന്നവർ. നാം അവന്റെ പരിമളധൂപമാകുന്നു. നമ്മുടെ ചുരുങ്ങിയ കഷ്ടപ്പാടുകൾ നിറഞ്ഞലോക ജീവിതത്തിൽ എങ്ങനെ നമ്മൾ അനശ്വരതയിൽ എത്തിച്ചേരുമെന്ന് തീരുമാനിക്കപ്പെടുമെങ്കിൽ നാം നമ്മുടെ ജീവിതം ക്രിസ്തുവിന്റെ സുവിശേഷത്തിന് അനുയോജ്യമായി കെട്ടിപ്പടുക്കണം. ദൈവരാജ്യത്തിന്റെ നിയമങ്ങൾ നാം പഠിക്കണം. സുവിശേഷം വഴി അവൻ നമ്മെ പഠിപ്പിച്ചിട്ടുള്ളതാകുന്നു. ക്രിസ്തുവിന്റെ ജീവിതം നമ്മുടെ ജീവിതത്തിൽ കൂടെ ഉൽഘോഷിക്കപ്പെടണം. നാം ചിന്തിക്കുമ്പോൾ, സംസാരിക്കുമ്പോൾ, പ്രവർത്തിക്കുമ്പോൾ എന്തും ചെയ്യുമ്പോൾ, നാം സ്വയം ചോദിക്കേണ്ടതാണ് നമ്മുടെ സ്ഥാനത്ത് ക്രിസ്തുവായിരുന്നെങ്കിൽ ഈ അവസ്ഥയിൽ എന്തു ചെയ്യുമായിരുന്നു? അങ്ങനെ ക്രിസ്തുവിന്റെ ആഗ്രഹമനുസരിച്ച് പ്രവർത്തിക്കണം. നമ്മുടെ പ്രവർത്തിയിലൂടെ അവനോട് പറയുവാൻ നമുക്ക് കഴിയണം. അങ്ങയുടെ ആഗ്രഹം നിറവേറ്റപ്പെടേണമേ. നമ്മുടേതല്ല.

പരിപാവനമായ സുവിശേഷം പ്രാർത്ഥനയോടും ഭക്തിയോടും, ദൈവഭയത്തോടും പഠിക്കുമ്പോൾ നാം ദൈവത്തിന്റെ ഇംഗിതത്തെ തിരിച്ചറിയുകയും സ്വയം മനസ്സിലാക്കുകയും ചെയ്യുന്നു. പരിണിത ഫലമായി നമ്മുടെ പ്രവർത്തികളും വാക്കുകളും ചിന്തകളും ക്രിസ്തുവിന് സ്വീകാര്യമായി നാം നിവർത്തിക്കുന്നു. തന്മൂലം അവൻ നമ്മിലും നാം അവനിലും ജീവിക്കുന്നു. നമ്മൾ മഹത്വങ്ങൾക്ക് അതീതമായി പ്രായോഗികതലത്തിൽ നാം എത്തപ്പെടുന്നു. അവിടെ പ്രവൃത്തിയില്ലാതെ കേവലം വിശ്വാസം മരണ ഹേതുവായി തീരുന്നു. ക്രിസ്തുവായ നല്ല ശമര്യാക്കാരൻ നാം അറിയേണ്ടതായി ഉദ്ദേശിക്കുന്നത്. പരിശുദ്ധവും നിർമ്മലവുമായ മതം നമ്മുടെ ദൈവത്തിന്റെയും പിതാവിന്റെയും കാഴ്ചപ്പാടിൽ ഇതാണ്. അനാഥരേയും വിധവകളേയും അവരുടെ കഷ്ടതകളിൽ സഹായിക്കുക, ജഡീകതയിൽ കളങ്കപ്പെടാതെ സ്വയം പരിപാലിക്കുക.

ക്രിസ്തീയർ ഈ വിധം ക്രിസ്തുമതത്തിന്റെ ആരംഭത്തിൽ ജീവിച്ചിരുന്നു. അവർ ദൈനംദിന ജീവിതത്തിൽ ക്രിസ്തുവിന്റെ യഥാർത്ഥ സാക്ഷികളായി വർത്തിച്ചു. ഈ രീതിയിൽ അവർക്ക് മനുഷ്യരെ ആകർഷിയ്ക്കുവാൻ കഴിഞ്ഞു. അവർ ദൈവത്തിനായി ജീവിച്ചു. അവനിൽ വിശ്വാസം അർപ്പിച്ചു. യഥാർത്ഥ ജീവിതത്തിനവകാശികളായി തീർന്നു.

ക്രിസ്തുവിനോടൊത്തുള്ള ജീവിതം എളുപ്പമുള്ള ഒരു ജോലിയല്ല. അതിന് സമത്വം, സ്ഥിരത, നിരന്തരമായ പോരാട്ടം, ക്ഷമ, സ്ഥിരോൽസാഹം, പീഡനങ്ങൾ സഹിച്ച് മുന്നേറുവാനുള്ള ഒരു നല്ല ക്രിസ്തീയ യോദ്ധാവായി ത്തീരണം. സുവിശേഷം ഇതിനെ കഷ്ടതയിലുള്ള അവിശ്വാസവും, നിരാശയിലുള്ള പ്രതീക്ഷയുമായി കരുതുന്നു. വിശ്വാസം കാക്കുന്നവർ അപ്പോസ്തോലനായ പൗലോസ് നിർദ്ദേശിക്കുന്ന വിധം ഏകാത്മാവിൽ നിലനിന്ന് എതിരാളികളാൽ ഒന്നിലും കുലുങ്ങിപ്പോവാതെ (ഫിലി. 1:23). വിശ്വാസികൾ ക്രിസ്തുവിന്റെ സുവിശേഷത്തിന് അനുയോജ്യരായി ജീവിക്കുന്നവർ തോൽപ്പിക്കപ്പെടുകയോ, കീഴ്പ്പെടുകയോ ചെയ്യാതെ ജയാളികളാകും. അവർ സ്ഥിരതയുള്ളവരാണ് അവർ തങ്ങളുടെ വികാരങ്ങളെയും കഷ്ടപ്പാടുകളെയും ദൈവത്തിന്റെ ദാനമായി കരുതുന്നു. പൗലോസ് അപ്പോസ്തലൻ പറയുന്നതുപോലെ ക്രിസ്തുവിൽ വിശ്വസിക്കാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം അനുഭവിക്കുവാൻ കൂടെ ദൈവം നിങ്ങൾക്ക് വരം നൽകിയിരിക്കുന്നു. (ഫിലി. 1:29).

ക്രിസ്തുവിലുള്ള ജീവിതം ആത്മീയ ഐക്യം കാക്ഷിക്കുന്നതുപോലെ, വ്യക്തികൾ ആത്മാവിൽ ക്രിസ്തുവുമായി ചേരുകയും നിഗൂഢമായ ശക്തിവിശേഷമുള്ള ശരീരമാകുന്ന ദൈവാലയത്തിൽ ഒത്തുചേരുകയും ചെയ്യുന്നു. അതിന്റെ ഫലമായി സുവിശേഷ പൂർത്തീകരണത്തിനായി അപ്പോസ്തോലൻ ഈ കാരണത്താൽ ദൈവത്തിന് നന്ദി പ്രകാശിപ്പിക്കുന്നു. വ്യക്തിയും ഒരു സമുദായത്തിന്റെ ഐക്യത്തിൽ ജീവിക്കുകയും ആത്മീയ ഐക്യത്തിൽ ഒരു അണുകുടുംബമായി വർത്തിക്കുകയും ചെയ്യുന്നു.

അണുകുടുംബത്തിന്റെ ഐക്യത്തിന്റെ പ്രധാന്യത്തെക്കുറിച്ച് ഊന്നിപ്പറയുവാൻ നമ്മുടെ

(ശേഷം പേജ് 7-ൽ)

# ജെ. എസ്. വി. ബി. എസ്. ഏപ്രിൽ 4-ന് ആരംഭിക്കും

മണർകാട്: വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 സണ്ടേസ്കൂളുകളുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്തിവരാറുള്ള ജെ. എസ്. വി. ബി. എസ്. ഏപ്രിൽ 4-ന് ആരംഭിക്കുന്നതാണ്. പള്ളിയുടെ എല്ലാ കരകളിലേക്കും വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ ദിനങ്ങളിൽ വിദ്യാർത്ഥികളുടെ കലാമത്സരങ്ങൾ, ഫ്ളവർ ഡേ, സ്നേഹവിരുന്ന് എന്നിവ നടത്തപ്പെടുന്നു. 16-ാം തീയതി ശനിയാഴ്ത്തെ സമാപന റാലി ലഹരിവിരുദ്ധ സന്ദേശയാത്രയായിട്ടാണ് നടത്തപ്പെടുന്നത്. തുടർന്ന് പള്ളിയിൽ ചേരുന്ന സമാപനസമ്മേളനത്തോടുകൂടി വി.ബി.എസ്. സമാപിക്കുന്നു. *'എന്നിൽ വസിപ്പിൻ'* എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. അദ്ധ്യാപകരാകാൻ താൽപ്പര്യമുള്ളവർ സണ്ടേസ്കൂൾ ഓഫീസുമായി ബന്ധപ്പെടുക.

# ആശ്രയാ സെന്ററിൽ ഈസ്റ്റർ വിരുന്ന്

കോട്ടയം: മെഡിക്കൽ കോളേജിനു സമീപം പ്രവർത്തിക്കുന്ന ആശ്രയ കൗൺസലിംഗ് & ഗൈഡൻസ് സെന്ററിൽ ഈസ്റ്റർ ദിനത്തിൽ മെഡിക്കൽ കോളേജിലെ 1000 രോഗികൾക്ക് വിഭവസമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നു.

ഈ നോമ്പ് കാലയളവിലെങ്കിലും അനാവശ്യമായ ചിലവുകൾ ഒഴിവാക്കി ഓരോ ദിവസവും അവരവരുടെ വിഹിതം മാറ്റിവച്ചാൽ ക്രിസ്തുവിന്റെ ഉയിർപ്പ് ദിനത്തിൽ നമ്മുടെ സ്വന്തം അദ്ധ്വാനത്തിന്റെ ഒരു വിഹിതം പലവിധ രോഗങ്ങളാൽ വേദനയനുഭവിക്കുന്ന മെഡിക്കൽ കോളേജിലെ രോഗികൾക്ക് ഒരു നേരത്തെ ഭക്ഷണം നൽകി ആശ്വസിപ്പിക്കുന്നതിന് സാധിക്കും.

സഹകരിക്കാൻ താൽപ്പര്യമുള്ളവർ ബന്ധപ്പെടുക: ആശ്രയ കൗൺസിലിംഗ് & ഗൈഡൻസ് സെന്റർ. ഫോൺ: 0481-2399455, 2594965, 9447197225

# രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്

മണർകാട് സെന്റ് മേരീസ് കോളേജ് റെഡ് ക്രോസ് യൂണിറ്റിന്റെയും ആശ്രയ കൗൺസിലിംഗ് ആന്റ് ഗൈഡൻസ് സെന്ററിന്റെയും ആഭിമുഖ്യത്തിൽ രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് നടത്തപ്പെട്ടു. ക്യാമ്പിന്റെ ഉദ്ഘാടനം കോളേജ് പ്രിൻസിപ്പൽ അന്ന ജോൺ നിർവ്വഹിച്ചു. അദ്ധ്യാപകരായ ഡോ. കൃഷ്ണകുമാരി, സുബിൻ തോമസ്, അരുൺ കുറിയാക്കോസ് കാലായിൽ, ആശ്രയാ കോ-ഓർഡിനേറ്റർ അനീഷ് ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.

# അറിവിന്റെ നുറുങ്ങുകൾ

## ഈസ്റ്റർ തീയതി

എല്ലാ വർഷവും ഡിസംബർ 25-ാം തീയതിയാണ് ക്രിസ്മസ് ആഘോഷിക്കുന്നത്. എന്നാൽ ഉയിർപ്പ് പെരുന്നാളിന് സ്ഥിരമായ തീയതി ഇല്ല. ഓരോ വർഷവും വ്യത്യസ്ത തീയതികളിലാണ് ഈസ്റ്ററും അതിനോടനുബന്ധിച്ചുള്ള ഹാശാ ആഴ്ചയും മറ്റും ആചരിക്കാറുള്ളത്.

എല്ലാ സഭകളും നീസാൻ മാസം 14-ാം തീയതിയ്ക്ക് ശേഷം വരുന്ന ഞായറാഴ്ച ഉയിർപ്പുപെരുന്നാളായി ആചരിക്കണമെന്ന് എ.ഡി. 325-ൽ നിഖ്യാസുന്നഹദോസ് തീരുമാനിച്ചു. ക്രിസ്തുവിന്റെ മരണം നീസാൻ മാസം 14-ാം തീയതി ആയിരുന്നു. യെഹൂദ കലണ്ടറിലെ ആദ്യമാസമാണ് നീസാൻ. വന്തകാലത്ത് മാർച്ച് ഏപ്രിൽ മാസങ്ങളിലായിട്ടാണ് ഈ മാസം വരുന്നത്. യെഹൂദ പാരമ്പര്യപ്രകാരം നീസാൻ മാസം 14-ാം തീയതിയാണ് പെസഹാക്കുഞ്ഞാടിനെ ബലികഴിച്ചത്. സൂര്യൻ ഭൂമദ്ധ്യരേഖയിൽ വരുന്ന ദിവസമാണിത്. ക്രിസ്തുവർഷ പ്രകാരം ഇത് മാർച്ച് മാസം 21 ആണ്.

വസന്തകാലത്തിൽ സൂര്യൻ ഭൂമദ്ധ്യരേഖയിൽ വരുന്ന ദിവസമായ മാർച്ച് 21 കഴിഞ്ഞുള്ള പൗർണ്ണമിക്ക് (വെളുത്തവാവ്) ശേഷം വരുന്ന ആദ്യത്തെ ഞായർ ഈസ്റ്റർ (ഉയിർപ്പു പെരുന്നാൾ) ആയി നിശ്ചയിക്കുന്ന രീതിയാണ് ഇപ്പോൾ ഉള്ളത്. അതിന്റെ അടിസ്ഥാനത്തിൽ വലിയ നോമ്പിന്റെ കാലവും ഹാശാ ആഴ്ച, പെന്തക്കോസ്തി തുടങ്ങിയവയുടെ തീയതിയും ഓരോ വർഷവും നിശ്ചയിക്കുന്നു.

## ഈസ്റ്റർ കുരിശ് (പുനരുത്ഥാന സ്ലീബാ)

കുരിശ് സമാധാനത്തിന്റെ ചിഹ്നവും ജയത്തിന്റെ അടയാളവുമാണ്. ലളിതമായ തടിക്കുരിശാണ് മലങ്കര സഭ ഉപയോഗിക്കുന്നത്. ഇതിന് ഈസ്റ്റർ കുരിശ് അഥവാ പുനരുത്ഥാന സ്ലീബാ എന്നാണ് പറയുന്നത്.

ക്രൂശിതനായ ക്രിസ്തുവിലല്ല, മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലാണ് പൗരസ്ത്യ സഭകളുടെ പ്രത്യാശ. അതുകൊണ്ടാണ് തൂങ്ങപ്പെട്ട രൂപത്തോടുകൂടിയ കുരിശ് മലങ്കരസഭ ഉപയോഗിക്കാത്തതും ഈസ്റ്റർ കുരിശിന് പ്രാധാന്യം നൽകുന്നതും.

## ഇണ്ടറി അപ്പം

പെസഹാ വ്യാഴാഴ്ച ക്രൈസ്തവ ഭവനങ്ങളിൽ ഉണ്ടാക്കുന്ന പ്രത്യേകതരം അപ്പമാണിത്. കുരിശിനുമുകളിലെ എന്ന പദത്തിൽ നിന്നാണ് ഇന്റി (ഇണ്ടറി) എന്ന പേരുണ്ടായതെന്നു പറയപ്പെടുന്നു. മാവ് പുളിപ്പിക്കാതെ ഉണ്ടാക്കുന്ന അപ്പമായതുകൊണ്ട് പുളിയാത്തപ്പം എന്നും കുരുത്തോല കൊണ്ടുള്ള കുരിശടയാളം അപ്പത്തിന്മേൽ പതിപ്പിക്കുന്നതുകൊണ്ട് കുരിശപ്പം എന്നും ഇതിനു പേരുണ്ട്. യെഹൂദ പാരമ്പര്യമനുസരിച്ച് കുടുംബനാഥന്റെ നേതൃത്വത്തിൽ പെസഹാ അത്താഴം കഴിച്ചിരുന്നതിന്റെ പിൻതുടർച്ചയാണിത്. ഗൃഹനാഥന്റെ നേതൃത്വത്തിൽ മാവുകുഴച്ച് അതിനു മുകളിൽ ഓശാന ഞായറാഴ്ച പള്ളിയിൽനിന്നു ലഭിച്ച കുരുത്തോലയുടെ ഭാഗംകൊണ്ട് കുരിശടയാളം പതിപ്പിച്ച് ആവിയിൽ പുഴുങ്ങിയാണ് ഇണ്ടറി അപ്പം ഉണ്ടാകുന്നത്. ഗൃഹനാഥൻ പെസഹാവ്യാഴാഴ്ച വൈകുന്നേരം ഈ അപ്പം മുറിച്ച് പ്രായക്രമമനുസരിച്ച് കുടുംബാംഗങ്ങൾക്കു കൊടുക്കുന്നു. തേങ്ങാപ്പാലും ശർക്കരയും ചേർത്തു തിളപ്പിച്ച് അതിൽ ചെറുതായി മുറിച്ച പഴവും കുരുത്തോലയുടെ കഷണങ്ങളും ഇട്ടു തയ്യാറാക്കിയ മധുരപാനീയത്തിൽ മുക്കിയാണ് ഇണ്ടറിയപ്പം ഭക്ഷിക്കുന്നത്. അക്രൈസ്തവർക്ക് ഈ അപ്പം നൽകാറില്ല. ഇതിന്റെ ഒരംശം പോലും അടുത്ത ദിവസത്തേയ്ക്ക് മാറ്റി വയ്ക്കുകയോ, നിലത്തു കളയുകയോ ചെയ്യാൻ പാടില്ല. അടുത്ത ബന്ധുക്കൾ ആരെങ്കിലും ഒരു കുടുംബത്തിൽ നിന്ന് മരിച്ചുപോയിട്ടുണ്ടെങ്കിൽ ആ വർഷം ബന്ധപ്പെട്ട കുടുംബങ്ങളിൽ ഇണ്ടറി അപ്പം പുഴുങ്ങാറില്ല. കർത്താവിന്റെ തിരുവത്താഴത്തെയും ഈ ചടങ്ങിലൂടെ അനുസ്മരിക്കുന്നു.

കടപ്പാട്: ***വിശ്വാസസംരക്ഷകൻ***

# പ്രാർത്ഥനയും പശ്ചാത്താപവും വഴി ദൈവത്തിങ്കലേക്ക് തിരിയുക

(പേജ് 6-ൽ നിന്നും)

പ്രിയപ്പെട്ടവരോട് നാം ബാദ്ധ്യസ്ഥനാണ്. ഈ കാലത്ത് ക്രിസ്ത്യാനി കുടുംബങ്ങളിൽ ശിഥിലീകരണം സംഭവിക്കുന്നതിന് കാരണം അവർ ക്രിസ്തുവിൽനിന്നും അകലെയായതുകൊണ്ടാണ്. ക്രിസ്തുയേശുവിനെ കുടുംബത്തിന്റെ തലവനായികാണുന്നത് എത്ര മനോഹരമാണ്. കുടുംബത്തിലെ അംഗങ്ങൾ ക്രിസ്തുവിന്റെ സുവിശേഷത്തിന് അനുയോജ്യരായി ജീവിക്കുകയും, ക്രിസ്തുവിന്റെ പ്രകാശത്തിൽ ബോധോദയം പ്രാപിച്ച് ജീവനുള്ള ദൈവവചനത്തെ ധ്യാനിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നത് എത്ര ഉത്കൃഷ്ടമായ ഒരു വസ്തുതയാണ്. കുടുംബത്തിലെ അംഗങ്ങൾ ക്രിസ്തുവിന്റെ സുവിശേഷത്തെ ഭവനത്തിൽനിന്നും അകറ്റിനിർത്തിയാൽ, അവർ ദൈവത്തെ ദർശിക്കുവാനുതകുന്ന പ്രകാശത്തെ അകറ്റിനിർത്തുന്നു. ദൈവത്തെ അകറ്റിനിർത്തിയിട്ട് ശത്രുവായ സാത്താനെ സ്വാഗതം ചെയ്യുന്നു. എല്ലാതരത്തിലുള്ള ദുഷ്ടതകൾ കുടുംബത്തെ ഭരിക്കുന്നു. ഇരുട്ട് കുടുംബത്തിൽ വ്യാപരിക്കുന്നു. വക്രബുദ്ധി വർദ്ധിക്കുകയും സംഘർഷം വളർന്ന് വിഘടനത്തിന്റെ വക്കിൽ എത്തുന്നു. നമ്മിൽതന്നെ വിഘടിച്ചു നിൽക്കുന്ന കുടുംബം നിലനിൽക്കുകയില്ല.

വലിയ നോമ്പിന്റെ അവസരത്തിൽ നോമ്പ് അനുഷ്ഠിക്കുവാനും നമ്മുടെ പാരമ്പര്യമനുസരിച്ചും പരിശുദ്ധമായ പള്ളിയുടെ നിയമസംഹിതക്കനുസൃതമായി അതു സ്വയം നിർവ്വഹിക്കുവാനും നാം എല്ലാ സഭാമക്കളെയും പ്രോത്സാഹിപ്പിക്കുന്നു. ഉപവാസം അനുഷ്ഠിക്കുന്നതിനോടൊപ്പം പ്രാർത്ഥനയും ദാനധർമ്മവും, പശ്ചാത്തപവും മൂലം ദൈവത്തിങ്കലേക്ക് തിരിയുക. ഈ മാർഗ്ഗത്തിലൂടെ ദൈവത്തിന്റെ സുവിശേഷമനുസരിച്ച് ജീവിക്കുകയും യാഥാസ്ഥിതികമായ വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും വേണം.

സുവിശേഷം പഠിക്കുകയും അഗാധമായി ചിന്തിക്കുകയും ആവശ്യമെന്ന് നാം ഉദ്ബോധിപ്പിക്കുന്നു. അത് ഗുണങ്ങളുടെ വിലനിലവും ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങളുടെ ഉറവിടവുമാണ്. കുടുംബാംഗങ്ങൾ ഹൃദയപൂർവ്വം സുവിശേഷം പഠിപ്പിക്കുകയും പ്രാർത്ഥനാപൂർവ്വം നിവർത്തിക്കുകയും ചെയ്താൽ ആത്മീയമായ സന്തോഷം ഉളവാകും. ദൈവത്തോടുള്ള ഉത്തരവാദിത്വത്തെക്കുറിച്ചും അവരവരെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും ഉള്ള ഉത്തരവാദിത്വങ്ങളെക്കുറിച്ചും അവർ ബോധവാന്മാരാകും. സ്നേഹം അവരിൽ വ്യാപരിക്കും. ചെറുപ്പക്കാർ പ്രായമുള്ളവരെ ബഹുമാനിക്കുകയും പ്രായമുള്ളവർ അവരെ സംരക്ഷിക്കുകയും ചെയ്യും. സമാധാനവും പൊരുത്തവും ജയാളിയായി ഭരിക്കും അടിസ്ഥാനവും ഉറപ്പോടെ ശക്തമായി ഒരു കെട്ടിട സമുച്ചയത്തെ നിലനിർത്തുന്നതുപോലെ അണുകുടുംബത്തെ വിശ്വാസത്തിന്റെ പാറമേൽ പടുത്തുയർത്തുന്നതു മൂലം പാതാളാത്തിന് അതിന്റെ പടിവാതിലുകളെ തകർക്കാൻ സാദ്ധ്യമല്ല.

വി. വേദപുസ്തകം കുടുംബവിദ്യാഭ്യാസത്തിന്റെ അടിസ്ഥാനശിലയാണ്. അപ്പോസ്തോലനായ പൗലോസ് തന്റെ ശിഷ്യനായ തീമോത്തി ഉദ്ബോധിപ്പിക്കുന്നു. തിരുവെഴുത്തുകളെ ബാല്യം മുതൽ അറിയുകയും ചെയ്യുന്നതുകൊണ്ടും നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്കുക. എല്ലാ തിരുവെഴുത്തും ദൈവവിശ്വാസമാകയാൽ ദൈവത്തിന്റെ മനുഷ്യർ സകല സൽപ്രവർത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു. (2 തീമോത്തി. 3:15-17) അങ്ങനെയുള്ള ദൈവദാസനെ ഇങ്ങനെ വിവരിക്കാം. യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപകൽ ധ്യാനിക്കുന്നവൻ അനുഗൃഹീതൻ. അവൻ ആറ്ററികത്ത് നട്ടിരിക്കുന്നതും തക്കകാലത്ത് ഫലം കായ്ക്കുന്നതും ഇലവാടാത്തതുമായ വൃക്ഷം പോലെയിരിക്കും അവൻ ചെയ്യുന്നതൊക്കെയും സാധിക്കും.

ദൈവം നിങ്ങളുടെ ഉപവാസത്തിലും, പ്രാർത്ഥനയിലും ദാനധർമ്മങ്ങളിലും, പശ്ചാത്താപത്തിലും സംപ്രീതനാവുകയും നിങ്ങളുടെ പ്രിയപ്പെട്ട മരണമടഞ്ഞവരോട് കരുണ കാണിയ്ക്കുകയും ചെയ്യട്ടെ. ദൈവത്തിന്റെ സമാധാനവും, സുരക്ഷയും ലോകമെമ്പാടും പരക്കെട്ടെ. നിങ്ങളുടെ ഭവനങ്ങളിൽ അനുഗ്രഹം വർഷിക്കട്ടെ. പരിശുദ്ധ സുവിശേഷത്തിന് അനുയോജ്യരായി ജീവിപ്പാൻ നിങ്ങളെ പ്രാപ്തരാക്കട്ടെ. ദൈവത്തിന്റെ പുനരുത്ഥാനത്തിൽക്കൂടെ നിങ്ങൾക്ക് സന്തോഷവും ആഹ്ലാദവും പ്രദാനം ചെയ്യട്ടെ. ദൈവത്തിന്റെ കൃപ ഈ മഹത്തായ കാലഘട്ടങ്ങളിൽ, ആഘോഷങ്ങളിൽ എപ്പോഴും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ. ആമീൻ.

*പരിഭാഷകൻ*

**പ്രൊഫ. ബോബി എബ്രഹാം**

*കടവുംഭാഗം (റിട്ട.പ്രിൻസിപ്പൽ സെന്റ്മേരീസ് കോളേജ് മണർകാട്)*

# മെത്രാൻകക്ഷിനിലപാട് ക്രൈസ്തവ സഭയ്ക്ക് അപമാനം

കോട്ടയം: ഇലക്ഷൻ അടുക്കുമ്പോൾ രാഷ്ട്രീയപ്പാർട്ടികളുടെ പിന്നാലെ നിരങ്ങുന്ന പതിവ് ഈ ഇലക്ഷനിലും മെത്രാൻ കക്ഷികൾ പൂർവ്വാധികം ഭംഗിയായി നടത്തി. രണ്ടാഴ്ചകൾക്ക് മുമ്പ് വൈദീക ട്രസ്റ്റി, കോനാട്ട് അച്ചൻ ദൃശ്യമാധ്യമങ്ങളിലൂടെ ഞങ്ങൾ മെത്രാൻ കക്ഷികൾക്ക് അർഹമായ പ്രാതിനിധ്യം കിട്ടിയില്ലെങ്കിൽ സ്ഥാനാർത്ഥികളെ നിർത്തുമെന്നും, യുഡിഎഫ് സീറ്റിന് ഡൽഹി യാത്ര നടത്തുമെന്നും പറഞ്ഞു. കഴിഞ്ഞയാഴ്ചയിൽ കാതോലിക്കായുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയേയും പ്രസിഡന്റിനെയും സന്ദർശിച്ചു. ഡൽഹി മെത്രാൻ ദൃശ്യമാധ്യമത്തിലൂടെ പ്രസ്താവിച്ചു. പ്രത്യേക താല്പര്യമില്ലാതെയാണ് ഡൽഹി സന്ദർശനമെന്ന് ഇതിൽ ആരുപറയുന്നതാണ് നേരെന്ന് പിന്നീട് നമുക്ക് മനസ്സിലായി. തങ്ങൾക്ക് അർഹമായ പ്രാതിനിധ്യം തന്നില്ലെങ്കിൽ 20 മണ്ഡലങ്ങളിൽ തങ്ങൾ നിർണ്ണായക ശക്തിയാണെന്നും ജയിപ്പിക്കുവാനും തോൽപ്പിക്കുവാനും കഴിവുണ്ടെന്നും പറഞ്ഞത് ഇരുമുന്നണികളും അർഹമായ അവജ്ഞയോടെ തള്ളിക്കളഞ്ഞു.

ഇപ്പോഴുണ്ടായ ഈ തള്ളിക്കളയൽ സാഹചര്യത്തിൽ മെത്രാൻകക്ഷികൾ തങ്ങളുടെ ശക്തികേന്ദ്രങ്ങൾ എന്ന് അവകാശപ്പെടുന്ന 20 മണ്ഡലങ്ങളിൽ അടിയുറച്ച മെത്രാൻ കക്ഷിക്കാരെ നിർത്തി ജയിപ്പിക്കുവാൻ ഉള്ള ചങ്കൂറ്റം കാണിക്കണം. 23 പരിമിതമായ സമയ പരിധിക്കുള്ളിൽ സ്ഥാനാർത്ഥികളെ തപ്പിയെടുക്കാൻ ബുദ്ധിമുട്ടാണെങ്കിൽ അതാതുഭദ്രാസന മെത്രാപ്പോലീത്തമാരെയും കോട്ടയത്ത് ഓർത്തഡോക്സ് നിയമരഹിത സഭയിലെ മുഖ്യനായി കുന്നംകുളം മിലിത്തിയോസിനെയും സ്ഥാനാർത്ഥികളായി നിർത്താവുന്നതാണ്.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലും ഈ നാടകം അവർ നടത്തിയതാണ്. നാലു സ്ഥാനാർത്ഥികളെ നിർത്തുകയും പിൻവലിക്കുകയും യു. ഡി. എഫിനെ പരാജയപ്പെടുത്താൻ ആഹ്വാനം ചെയ്യുകയും ചെയ്തു. ഓർത്തഡോക്സ് സഭയുടെ ഭൂരിപക്ഷമെന്ന് അവകാശപ്പെട്ട സ്ഥലങ്ങളിൽപ്പോലും യുഡിഎഫ്-നെ പരാജയപ്പെടുത്തുവാൻ അവർക്ക് സാധിച്ചില്ല.

ഈ വർഷമെങ്കിലും ഓർത്തഡോക്സ് സഭയുടെ ശക്തിതെളിയിക്കുവാൻ അവർക്ക് കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കട്ടെ. കഴിഞ്ഞ വർഷം ഇപ്പോഴത്തെ കാതോലിക്കാ പൗലോസ് മോർ മിലിത്തിയോസ് മനോരമ പത്രത്തിൽ ഒരു പ്രസ്താവന നടത്തി വോട്ട് ബാങ്ക് നോക്കി സർക്കാർ ഓർത്തഡോക്സ് സഭയോട് നീതിനിഷേധനം നടത്തുകയാണ്. വോട്ട് ബാങ്ക് എവിടെയാണെന്ന് ഈ തെരഞ്ഞെടുപ്പിലെങ്കിലും അവർ വെളിപ്പെടുത്തട്ടെ. മെത്രാൻകക്ഷികൾക്ക് നീതികിട്ടുന്നില്ലെന്നാണ് അവരുടെ പരാതി. അവരുടെ നീതി യാക്കോബായക്കാരുടെ പള്ളിപൂട്ടിക്കുക, സ്ഥാപനങ്ങളും, സ്ഥാവര ജംഗമ സ്വത്തുക്കളും കൈയ്യേറുകയും യാക്കോബായ സഭാംഗങ്ങളെ തങ്ങളുടെ ഭരണ സ്വാധീനമുപയോഗിച്ച് തല്ലിച്ചതയ്ക്കുകയും, ജയിലിലടയ്ക്കുകയും ചെയ്യുക എന്നിവ മാത്രമാണ്. എത്ര ക്രൈസ്തവമായ ചിന്തയാണിത്! മെത്രാൻകക്ഷിക്കാർ എട്ടുകാലിമമ്മൂഞ്ഞിനെപ്പോലെ ഇല്ലാത്ത അവകാശവാദങ്ങൾ ഉന്നയിക്കാറുണ്ട്. സഭാ സെക്രട്ടറി പറഞ്ഞത് എൽ. ഡി. എഫ്. ഞങ്ങളെ പരിഗണിച്ചുവെന്നാണ്. അതുകൊണ്ട് ഞങ്ങൾ അവർക്ക് അനുകൂലമായി നിലപാട് എടുക്കുമെന്നും. തിരുവനന്തപുരത്ത് വൈദീകർ ഉൾപ്പെടെയുള്ള നൂറുകണക്കിന് മെത്രാൻകക്ഷിക്കാരെ പെരുവഴിയിൽ പോലീസ് ഓടിച്ചിട്ട് തല്ലിയത് സെക്രട്ടറി സൗകര്യപൂർവ്വം വിസ്മരിച്ചു. യാക്കോബായ സഭയ്ക്ക് ഒരു രാഷ്ട്രീയ പാർട്ടിയോടും പ്രത്യേക താൽപര്യമില്ലെന്നും സഭയെ സഹായിച്ച രാഷ്ട്രീയ പാർട്ടികളെയും നേതാക്കന്മാരേയും സഭാമക്കൾ കരുതണമെന്നും ശ്രേഷ്ഠ കാതോലിക്കാ തോമസ് പ്രഥമൻ ബാവാ അനേക തവണ തന്റെ ജനത്തോട് കൽപ്പിച്ചിട്ടുണ്ട്.

## അനുമോദനങ്ങൾ



ജെ. എസ്. എസ്. എൽ. സി. പരീക്ഷയിൽ മണർകാട് ഡിസ്ട്രിക്ടിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ സൂസന്ന തോമസിന് കോലോസുറിയോയുടെയും യൂത്ത് അസോസിയേഷന്റെ അഭിനന്ദനങ്ങൾ. മണർകാട് സെൻട്രൽ സണ്ടേസ്കൂൾ വിദ്യാർത്ഥിനിയായ സൂസന്ന കുഴിപ്പുരയിടം പുത്തൻപറമ്പിൽ കുടുംബാംഗമാണ്.

# കോട്ടയം ഭദ്രാസന സണ്ടേസ്കൂൾ അസോസിയേഷന് പുതിയ ഭാരവാഹികൾ



കോട്ടയം ഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടറായി റവ. ഫാ. ജോസി ഏബ്രഹാം അട്ടച്ചിറയെ തിരഞ്ഞെടുത്തു. എം. ഐ. ഏബ്രഹാം മറ്റത്തിലാണ് സെക്രട്ടറി, കോട്ടയം സെന്റ് ജോസഫ്സ് കത്തീഡ്രലിൽ നടന്ന യോഗത്തിൽ സെൻട്രൽ കമ്മിറ്റി മെമ്പറായി ഡോ. ജയ്മോൻ പി. ജേക്കബ് പുത്തൻപുരയിൽ, ഹെഡ്മാസ്റ്റർ പ്രതിനിധിയായി റ്റി. എം. മാത്യു പൂത്തേത്ത്, അദ്ധ്യാപക പ്രതിനിധിയായി മേരിക്കുട്ടി മാത്യു കൈതകം, ആത്മദീപം ഓർഗനൈസറായി രാജൻ മുണ്ടമറ്റത്തിനെയും തെരഞ്ഞെടുത്തു. ഇടവക മെത്രാപ്പോലീത്ത തോമസ് മോർ തീമോത്തീയോസ് അദ്ധ്യക്ഷത വഹിച്ചു.

## അനുമോദനങ്ങൾ



കോട്ടയം ഭദ്രാസന സണ്ടേസ്കൂൾ അസോസിയേഷൻ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എം. ഐ. ഏബ്രഹാം മറ്റത്തിൽ.

കുഴിപ്പുരയിടം സെന്റ് മേരീസ് സണ്ടേസ്കൂളിൽ ദീർഘകാലമായി അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുന്നു. മണർകാട് പള്ളി സഹവികാരി റവ. ഫാ. എം. ഐ. തോമസ് മറ്റത്തിലിന്റെ സഹോദരനാണ്.

## രണ്ടാം ചരമവാർഷികം

**12.03.2011**



**കെ.വി. സ്ക്കറിയ (കുഞ്ഞ്)**

**കൊല്ലംപറമ്പിൽ, മണർകാട്**

# മോർ പോളികാർപ്പോസിന്റെ വിയോഗം വേദനാജനകം പ.പാത്രിയർക്കീസ്

പൗരസ്ത്യ സുവിശേഷ സമാജത്തിന്റെയും ഹോണോവർ മിഷന്റെയും മെത്രാപ്പോലീത്താ ഗീവർഗീസ് മോർ പോളികാർപ്പോസിന്റെ ദേഹവിയോഗം വേദനാജനകമാണെന്ന് പ.പാത്രിയർക്കീസ് ബാവ അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഇവാഞ്ചലിക്കൽ അസോസിയേഷനും ഹോണോവർ മിഷനും മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ കഴിഞ്ഞ കാലഘട്ടങ്ങളിൽ പുരോഗതിയുടെ പടവുകൾ കരസ്ഥമാക്കി അദ്ദേഹം പ. പത്രോസ് ശ്ലീഹായെ പിൻപറ്റിയവനും പ. അന്ത്യോഖ്യാ സിംഹാസനത്തോടെ കൂറും വിധേയത്വവും ഉള്ളവനുമായിരുന്നു.

രണ്ടു പതിറ്റാണ്ടുകാലം യഥാർത്ഥ മിഷനറിയായി ദൈവത്തിന്റെ വയലിൽ പ്രവർത്തിച്ചു. പരിശുദ്ധാത്മാവിന്റെ കൃപയാൽ സുവിശേഷ സമാജത്തെയും ഹോണോവർ മിഷനെയും നേർവഴിക്ക് നടത്തിയ വിജ്ഞാനിയായിരുന്നു മോർ പോളികാർപ്പോസ് (യെശ. 52:7)-ൽ പറയുന്നതുപോലെ സമാധാനത്തെ ഘോഷിച്ച് നന്മയെ സുവിശേഷിക്കുകയും രക്ഷയെ പ്രസിദ്ധമാക്കുകയും ചെയ്ത പ്രധാനാചാര്യനായിരുന്നു മോർ പോളികാർപ്പസ്

*കടപ്പാട്:*
**വിശ്വാസസംരക്ഷകൻ**

Published by St. Maryís Youth Association, Manarcad : For Private Circulation only. Printed at Revi Printers, Kottayam